# ലക്ഷ്മീഭായി

| പുസ്തകം ൩൧ | ൧൧൧൧ വൃശ്ചികം | ലക്കം ൨ |
|---|---|---|

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്ത്തന്നെ ദീക്ഷിച്ചവരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
‘ലക്ഷ്മീഭായി’ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## പ്രാചീനാര്യാവർത്തത്തിലെ
## തികഞ്ഞ ഉൽപതിഷ്ണു

ഉൽപതിഷ്ണുക്കളായ യുക്തിവാദികൾ അന്നും എന്നും ഒരുപോലെയുണ്ടായിരുന്നു. ഉൽപതിഷ്ണുത്വവും യുക്തിവാദവും ഇന്നോ ഇന്നലെയോ മാത്രം ഉത്ഭവിച്ചതായി ചിലർ വീരവാദം ചെയ്യേക്കാമെങ്കിലും പക്ഷപാതരാഹിത്യത്തോടുകൂടി ഒന്നു പിന്നോക്കം നോക്കിയാൽ ഇതിന്റെ അനൌചിത്യം അക്കൂട്ടർക്ക് അറിയാറാകും. മനുഷ്യവർഗ്ഗത്തിനു ജ്ഞാനസമ്പാദനം ചെയ്വാനുള്ള ആശ എന്ന് അങ്കുരിച്ചുവോ അന്നുമുതൽ അവർ ആലോചനാ

ന്ന *

ശീലന്മാരായി—അവർ യുക്തിയോടുകൂടി ജീവിതത്തെ വിശകലനം ചെയ്യാനും തുടങ്ങി. ഈ ഭാരതവർഷത്തിൻെറ ചരിത്രംതന്നെ എടുത്തു നോക്കുന്നതായാൽ ഇത് ഏതാണ്ടു സുവ്യക്തമാകും. ഭാരതാംബയ്ക്കു് ആദ്യമായി കിട്ടിയ ജ്ഞാനനിധി വേദമാണല്ലോ. വൈദികകാലത്തിൻെറ ശുക്രദശയിൽപോലും വേദങ്ങളിലെ അനൌചിത്യഭാഗങ്ങൾ ചൂണ്ടിക്കാണിച്ചു് അപലപിക്കാനും വേണ്ടിവന്നാൽ അവയുടെ വിപാടനത്തിന്നായി പ്രക്ഷോഭണപ്രവൃത്തികൾകൂടി ചെയ്യാനും ഉദ്യുക്തരായ മഹാന്മാരുണ്ടായിരുന്നു എന്നു കാണാം. അപ്രകാരമുള്ള മഹാന്മാരിൽ പ്രാഥമ്യം വഹിച്ചിരുന്ന പുണ്യശ്ലോകനാണ് വിശ്വാമിത്രമഹർഷി.

വിശ്വാമിത്രനെ നാം ആദ്യമായി കാണുന്നത് അയോദ്ധ്യാധിപനായ ഒരു ക്ഷത്രിയനായിട്ടാണ്. ചതുർവ്വർണ്ണവിഭാഗങ്ങൾ അക്കാലത്തു നടപ്പിലായിരുന്നു എന്നുമാത്രമല്ല, ബ്രാഹ്മണർ പുരോഹിതവൃത്തിയിലും രാജ്യഭരണകാര്യങ്ങളിലും ഒരു ഗണ്യമായ സ്ഥാനവുമുണ്ടായിരുന്നു. ക്ഷത്രിയരുടെ പൌരോഹിത്യവും അതോടൊപ്പംതന്നെ അമാത്യപ്രവൃത്തിയും അവർ ചെയ്തിരുന്നു. വേദാദികൾ അവരുടെ ഒരു പ്രത്യേകസ്വത്തായി വെച്ചിരുന്നതിനാൽ അവർ വിദ്വാന്മാരും കാര്യക്ഷമതയുള്ളവരുമായിത്തീർന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. അതോടുകൂടി അവക്ക് ഒരു മാന്യപദവിയും ലഭിച്ചു. സൂര്യവംശരാജാക്കന്മാരുടെ കുലഗുരുവായ വസിഷ്ഠൻ ഒരു ഉത്തമബ്രാഹ്മണൻ ആയിരുന്നുവെങ്കിലും മാമൂൽപ്രിയനും ഒരു യാഥാസ്ഥിതികനുമായിരുന്നു. വിശ്വാമിത്രൻ ഒരു ദിവസം വസിഷ്ഠാശ്രമത്തിൽ ചെല്ലുന്നു. വസിഷ്ഠൻെറ തപോബലവും തന്നിമിത്തം അദ്ദേഹത്തിന്നു ലബ്ധമായി

കൊണ്ടിരുന്ന പൂജ്യസ്ഥാനവും അദ്ദേഹം കാണുന്നു. "സ്വദേശേ പൂജ്യതേ രാജാ വിദ്വാൻ സർവ്വത്ര പൂജ്യതേ" എന്നുള്ള ആപ്തവാക്യം ആ ആശ്രമോപാന്തങ്ങളിലെ സ്ഥിതിഗതികൾകൊണ്ട് അദ്ദേഹത്തിൻെറ മനസ്സിൽ പതിയുന്നു. തനിക്കും ഇപ്രകാരം വിദ്വത്വവും അതോടു സംഘടിതമായ ദിവ്യത്വവും ലഭിക്കണമെന്ന് അദ്ദേഹത്തിൻെറ ഉള്ളിൽ ആശ അങ്കുരിക്കുന്നു. ക്ഷത്രിയക്ക് വേദാദ്ധ്യയനവും ബ്രഹ്മപദപ്രാപ്തിക്കുള്ള മുനിവൃത്തിയും നിഷിദ്ധമാണെന്നുള്ള പക്ഷപാതസമ്മിശ്രമായ ആ വേദഭാഗത്തെ അദ്ദേഹം ഒരു വലിയ തെററായി തള്ളിക്കളയുന്നു. "ബ്രഹ്മജ്ഞാനീതി ബ്രാഹ്മണഃ" എന്നാണ് വേദവാക്യമെന്നും ആ പദവി ഏവക്കും—ചണ്ഡാലനുപോലും—കരഗതമാക്കാമെന്നും അദ്ദേഹം വാദിക്കയും അതിന്നുവേണ്ടി അദ്ദേഹംതന്നെ മാർഗ്ഗദശിയായി പ്രവത്തിക്കയും ചെയ്യുന്നു. ആദ്യകാലത്ത് അനവധി യാഥാസ്ഥിതികന്മാർ അദ്ദേഹത്തെ അപലപിക്കാനും അദ്ദേഹത്തെ ആ പ്രവൃത്തിയിൽനിന്നു പിന്തിരിക്കാനും ശ്രമിച്ചിട്ടുണ്ട്. ധീരോദാത്തനായ ആ ക്ഷത്രിയവീരൻ ഇവയെയെല്ലാം നിസ്സാരമായി കരുതുന്നു. ഉൽപതിഷ്ണുവായ അദ്ദേഹം മാമൂലിനെ ഉടച്ചുവാൻ ശ്രമിക്കുന്നു. ഒടുവിൽ അദ്ദേഹംതന്നെ വിജയശ്രീലാളിതനാകുന്നു. അദ്ദേഹം ഒരു ബ്രാഹ്മണൻതന്നെ എന്നു സകലരും മുക്തകണ്ഠം ഉൽഘോഷിക്കുന്നു. അദ്ദേഹത്തിൻെറ യുക്തിപൂവ്വമായ ഈ പ്രവൃത്തി പിന്നീടു പലക്കും അനുകരണീയമായിത്തീന്നിട്ടുണ്ട്.

ഉൽപതിഷ്ണുവായ ആ രാജഷി—അല്ല, ബ്രഹ്മഷിതന്നെ—ഇതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. മിഥ്യാബോധത്തിലും ഉയന്നജാതിക്കാരുടെ ചവിട്ടിലും കിടന്നുഴലുന്നവരെ യഥാത്ഥതത്വം ഗ്രഹിപ്പിച്ച് അവരേയും നേരാ

യമാൎഗ്ഗത്തിൽകൂടി നടത്തേണ്ടതു തൻെറ പുമതലയാണെന്നുകൂടി അദ്ദേഹം കരുതിയിരുന്നതായി തോന്നുന്നു. അക്കാലത്തു ബ്രാഹ്മണൎക്കു മാത്രമേ നിൎവ്വാണപദപ്രാപ്തിക്കു് അൎഹതയുള്ളു എന്നൊരു ബോധം പരക്കെയുണ്ടായിരുന്നു. ഈ അടിസ്ഥാനരഹിതമായ ബോധത്തെ തീരെ തള്ളിക്കളയണമെന്നു് അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നു. ഇതിന്നു് അദ്ദേഹത്തിനു് അചിരേണ തരംകിട്ടുകയും ചെയ്തു. ത്രിശങ്കു എന്ന സ്വകുലജാതനായ രാജൎഷിക്കു സ്വൎഗ്ഗപദം പ്രാപിക്കാൻ അതിയായ ആശയുണ്ടായിരുന്നു. തൻെറ വിചാരത്തെ അദ്ദേഹം കുലഗുരുവായ വസിഷ്ഠനെ അറിയിച്ചപ്പോൾ വേദജ്ഞനെങ്കിലും യാഥാസ്ഥിതികനായ ആ ബ്രാഹ്മണോത്തമൻ അതിനു സമയമായിട്ടില്ലെന്നു പറഞ്ഞു് അദ്ദേഹത്തെ വിലക്കി. വിശ്വാമിത്രൻ അയുക്തികമായ ഈ ഏൎപ്പാടു് ഉടനെ നിൎത്തുവാൻ ഉത്സാഹിച്ചു. "ഖട്വാംഗനെന്ന ധരണീശന്നു് ഒരു മുഹൂൎത്തംകൊണ്ടു് ഗതികൊടു"ക്കാമെങ്കിൽ ക്ഷാത്രധൎമ്മവും അതോടൊപ്പംതന്നെ നിസ്സംഗത്വവും പരിശീലിച്ച ഒരു ക്ഷത്രിയന്നു് എന്തുകൊണ്ടു സ്വൎഗ്ഗപദപ്രാപ്തിക്കൎഹതയില്ല; അതു പക്ഷപാതത്തിൻെറ മൂൎദ്ധന്യമല്ലേ? എന്നു് അദ്ദേഹം വാദിച്ചു എന്നുമാത്രമല്ല, തന്നാലാകുംവിധം അതിനു സഹായിക്കുകയും ചെയ്തു. ബ്രാഹ്മണപക്ഷക്കാരായ പലരും ഇതിനു വിഘ്നംവരുത്തുവാൻ ശ്രമിച്ചെങ്കിലും ധീരനും ഉൽപതിഷ്ണുവുമായ ആ യോഗിവൎയ്യനോടുള്ള അവരുടെ പ്രവൃത്തികളെല്ലാം നിഷ്ഫലങ്ങളായി ഭവിച്ചതേയുള്ളു.

രാമായണത്തിൽ പല ഭാഗങ്ങളിൽനിന്നും ഈ യുക്തിവാദിയുടെ ഉൽപതിഷ്ണുത്വം വെളിപ്പെടുന്നുണ്ടു്. ശ്രീരാമനേയുംകൊണ്ടു യാഗരക്ഷാൎത്ഥം ഗമിക്കുന്ന അവ

സരത്തിൽ താടകാവനത്തിലെത്തിയ നേരം വായും പിളൎന്നുവരുന്ന താടകയെ കണ്ടപ്പോൾ

"പഞ്ചാനനനടുക്കുമ്പോൾ പഞ്ചാക്ഷരജപം വൃഥാ"

എന്നുള്ള തത്വത്തെ നല്ലവണ്ണം മനസ്സിലാക്കിയിരുന്ന അദ്ദേഹം സ്ത്രീവധത്തിലുള്ള രാമൻെറ സങ്കോചത്തെ കണ്ടു,

"ഒരുത്തിയെന്നു നിനക്കകൊണ്ടു വധിപ്പ-
　　തിന്നു മടിച്ചിടേണ്ട
പെരുത്ത ദുഷ്ടവധം നിനക്കു വിധിച്ച
　　വിധിയിതെന്നറിക
തടിച്ചുവന്നു പിടിച്ചു നമ്മെക്കടിച്ചു
　　തിന്നുന്നതിനു മുമ്പെ
കൊടുക്കുരസി വിശിഖങ്ങളെരാമ..........." എന്നു പറഞ്ഞു രാമനെക്കൊണ്ട് ആ ദുഷ്ടനിഗ്രഹത്തെ സാധിച്ച ആ മുനിപുംഗവൻ ഒരു ഉൽപതിഷ്ണുവല്ലെന്നാരു പറയും?

ഏവംവിധം വിവിധകൎമ്മങ്ങളും യുക്തിയുക്തമാംവണ്ണം ചെയ്ത ആ മുനിപുംഗവൻ ഒരു ഒന്നാന്തരം ഉൽപതിഷ്ണുവാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ബ്രഹ്മമുഖത്തുനിന്നു വിനിൎഗ്ഗളിച്ചതായാലും വേണ്ടതില്ല ഓരോ ഏൎപ്പാടും നടപ്പും മനുഷ്യക്ക്—പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യവൎഗ്ഗത്തിന്—അതു ബാധകമാവണമെങ്കിൽ അതു യുക്തിക്കൊത്തതും പക്ഷപാതരാഹിത്യത്തോടുകൂടിയതുമായിരിക്കണമെന്നു ജനതതിയെ ആദ്യമായി ഉൽബോധിപ്പിച്ചത് ഈ മഹൎഷിപുംഗവനത്രെ. അപനയം ചെയ്താൽ അതിനെ ഗോപനംചെയ്യുന്നത് അഹിതമാണെന്നായിരുന്നു അദ്ദേഹത്തിൻെറ സിദ്ധാന്തം. അതു മതത്തിൻെറ പേരുംപറഞ്ഞുകൊണ്ടാ

വരുതെന്നും അദ്ദേഹത്തിന്നു വിചാരമുണ്ടായിരുന്നതായി തോന്നുന്നു.

വിശ്വാമിത്രാദി യുക്തിവാദികളും ഉൽപതിഷ്ണുക്കളും ഒരിക്കലും മതത്തെ അപലപിച്ചിട്ടില്ല. പ്രത്യുത അതിനെ തങ്ങളുടെ യുക്തിയാകുന്ന ശാണമേൽ ഘൎഷണം ചെയ്തു പൂൎവ്വാധികം ഓജസ്സും തേജസ്സും വൎദ്ധിപ്പിച്ചിട്ടേയുള്ളു. ആൎഷമതത്തിന്നുള്ള മാഹാത്മ്യത്തിന്റെ മാററൊട്ടുകൂട്ടുവാൻ ഏവംവിധമുള്ള ഉൽപതിഷ്ണുക്കളുടെ സഹായം ഒട്ടേറെ ഉണ്ടായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല.

എം. എൻ. മേനോൻ.

## സുഗ്രീവാദികൾ വാനരന്മാരാണോ?

രാമായണത്തിലെ പ്രധാനപുരുഷനായ സുഗ്രീവന്റെ ആജ്ഞാശക്തി അപ്രതിതീയമായിരുന്നു. അദ്ദേഹത്തിന്റെ സേനാബലംകൊണ്ടാണ് ത്രിലോകജേതാവായ രാവണനെ വധിച്ചു സീതാദേവിയെ വീണ്ടെടുക്കുന്നതിനു ശ്രീരാമചന്ദ്രനു സാധിച്ചത്. ഭരണപടുവായ സുഗ്രീവന്റെ രാജധാനിയായ കിഷ്കിന്ധാപട്ടണം ഏററവും പരിഷ്കൃതവും മനോഹരവുമായി പണികഴിപ്പിച്ചിരുന്നതാണ്. വിശ്വകൎമ്മാവിനാൽ പണികഴിക്കപ്പെട്ട ഈ മഹനീയപുരിയെ അധിവസിക്കുന്നവരും അവരുടെ നായകനും വാനരന്മാരാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇതു കേൾക്കുമ്പോൾ ആരാണ് അമ്പരക്കാതിരിക്കുന്നത്? ചാപല്യമേറിയ മൂകജന്തുക്കളാണ് കുരങ്ങുകളെന്നത്രെ നമ്മൾ ധരിച്ചിരിക്കുന്നത്. പരിണാമവാദിയായ ഡാർവിൻ പറയുന്നതു വാനരൻ അഭിവൃദ്ധി പ്രാപി

ച്ച പ്രാപിച്ച മനുഷ്യനായി രൂപാന്തരപ്പെട്ടുഎന്നാണ്. അല്ലാതെ മനുഷ്യൻ അധഃപതിച്ച് അധഃപതിച്ചു കുരങ്ങായിത്തീൎന്നു എന്നല്ല. ജന്തുശാസ്ത്രജ്ഞന്മാരാരുംതന്നെ ആവിധം അഭിപ്രായപ്പെട്ടിട്ടില്ല. സുഗ്രീവാദികളുടെ ബുദ്ധിശക്തിയും തന്റേടവും മനുഷ്യാതീതമെന്നു സമ്മതിച്ചേ തീരൂ. ഇത്ര ബുദ്ധിയും തന്റേടവുമുണ്ടായിരുന്ന സുഗ്രീവാദികളുടെ അനന്തരപരമ്പരയാണ് ഇന്നത്തെ വാനരന്മാരെന്നു പറയുന്നതു കേവലം അസംഗതം തന്നെ. അതുകൊണ്ട് ഇത് എന്തോ അൎത്ഥവാദകഥയാണെന്നൂഹിക്കണം. കിഷ്കിന്ധാവാസികളുടെ ആകൃതിയും വസ്ത്രധാരണരീതിയും ആദ്യം കണ്ട ആൎയ്യകവികൾ അവരെ കുരങ്ങുകളെന്നു സംബോധനം ചെയ്തതായിരിക്കാം. നാം ചിലരെ മക്കടത്താന്മാരെന്നു പറഞ്ഞ് അപഹസിക്കാറുള്ളതുപോലെ ആൎയ്യകവികളുടെ പ്രയോഗചാതുൎയ്യമായിരിക്കാം ഈ നാമധേയത്തിന്റെ നിദാനം. സുഗ്രീവാദികളെപ്പററിയുള്ള പ്രസ്താവനകൾ അവധാനപൂൎവ്വം നിരീക്ഷണം ചെയ്യുമ്പോൾ ഈ പ്രസ്താവനയുടെ യാഥാൎത്ഥ്യം വെളിപ്പെടാതെയിരിക്കുകയില്ല. ഏതായാലും ജന്തുശാസ്ത്രജ്ഞന്മാർ വിവരിച്ചിരിക്കുന്ന കുരങ്ങുകളല്ല കിഷ്കിന്ധാനിവാസികളെന്നതു നിസ്സംശയമാകുന്നു. ഇവരെപ്പററി നമുക്കു ഗ്രഹിക്കാൻ കഴിയുന്ന സംഗതികൾകൊണ്ട് ഇവർ ദ്രാവിഡവൎഗ്ഗത്തിൽപ്പെട്ട ദക്ഷിണദേശവാസികളായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ബാലിസുഗ്രീവന്മാരുടെ മാതാവ് ആകസ്മികസംഭവംകൊണ്ട് ഒരു തരുണീമണിയായിത്തീൎന്നതാണ്. രവീന്ദ്രന്മാർ ആ സൌന്ദൎയ്യധാമത്തെക്കണ്ടു മോഹിതരായിത്തീൎന്നു. ഇവരുടെ സന്താനങ്ങളാകുന്നു സുഗ്രീവനും

ബാലിയും. ശൃംഗാരസുന്ദരനായ ഇന്ദ്രനെ പഞ്ചസായ കമ്പബാധനാക്കത്തക്ക മോഹനാംഗിയായ ആ ലലനാമ ണി ഒരു വാനരസ്ത്രീയായിരുന്നു എന്നു വിശ്വസിക്കാൻ ആരാലും സാദ്ധ്യമല്ല. പിതാമഹൻെറ സംരക്ഷയിൽ വളൎന്നുവന്ന ആ സഹോദരന്മാരുടെ തൻേറടവും വി ജ്ഞാനവും ഗ്രഹിച്ച മൂത്തച്ഛനായ പിതാമഹന് ഇവ രിൽ അളവററ വാത്സല്യവും വിശ്വാസവും ജനിക്ക യാൽ അവൎക്കായിട്ടു വിശ്വകൎമ്മാവിനാൽ നിൎമ്മിക്കപ്പെ ട്ട കിഷ്കിന്ധാരാജ്യം ഇഷ്ടദാനംചെയ്തു ബാലിയെ രാജാ വായി അഭിഷേകം കഴിച്ചു. വിശ്വകൎമ്മാവുണ്ടാക്കിയ രാജധാനിയുടെ ഗുണപൌഷ്കല്യം വാചാമഗോചരമാ യിരിക്കുമെന്നതവിതൎക്കിതമാണല്ലൊ.

"കിഷ്കിന്ധാം ദിവ്യനഗരീം നിൎമ്മിതാം വിശ്വകൎമ്മണാ സൎവ്വസൌഭാഗ്യവലിതാം ദേവൈരപി ദുരാസദാം."

അതായതു വിശ്വകൎമ്മാവുണ്ടാക്കിയതും സൎവ്വസൌ ഭാഗ്യപൂൎണ്ണവുമായ ദിവ്യപുരിയാണ് കിഷ്കിന്ധ എന്നാ ണ് ആ നഗരത്തിനെപ്പററി വൎണ്ണിച്ചിരിക്കുന്നത്. വാ നരന്മാൎക്ക് ഇത്ര മനോഹരവും ദിവ്യവുമായ രാജധാനി എന്തിനാണ്? ഗുണദോഷവിവേചനാശൂന്യങ്ങളായ ജ ന്തുക്കൾക്കു രാജധാനിയിലധിവസിച്ചാലെന്തൊരാനന്ദ മാണുളവാകാനുള്ളത്.

"കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ പാഞ്ഞു നടക്കും മരഞ്ചാടിവീരൎക്കു" വൃക്ഷക്കൊമ്പുകളും രമ്യഹൎമ്മ്യ ങ്ങളും വ്യത്യസ്തങ്ങളല്ല. വിശ്വകൎമ്മാവു നിൎമ്മിച്ച ദിവ്യ നഗരം പൌത്രവത്സലനായ പിതാമഹൻ ദാനംചെയ്തു എന്നതുകൊണ്ടുതന്നെ ഇവർ ഏററവും നാഗരികമു ള്ള മനുഷ്യശ്രേഷ്ഠന്മാരായിരുന്നു എന്നൂഹിക്കാം. അതി വിശേഷമായ രാജധാനിയിലെ സിംഹാസനത്തിലി

രുന്നു രാജ്യഭരണം നടത്തിയതു നിശ്ചയമായും വാനരന്മാരുടെ മുന്നണിയിൽ ചാടിനടന്നു കായ്കനികൾ കടിച്ചുതിന്നുപജീവിച്ച കുരങ്ങനല്ലെന്നതു നിശ്ചയമല്ലേ? ഇവരിൽ ലാലസിച്ചിരുന്ന ഗുണപൌഷ്കല്യങ്ങൾ ജന്തുക്കൾക്കുണ്ടാകുന്നതാണോ? ഈശ്വരഭക്തി ജന്തുക്കൾക്കു സിദ്ധമാകുന്നതെങ്ങിനെ? ബാലി അദ്വിതീയനായ ഈശ്വരഭക്തനായിരുന്നു. അദ്ദേഹം പ്രതിദിനം സമുദ്രതീൎത്ഥത്തിൽ സ്നാനംചെയ്തു് ഈശ്വരപ്രാൎത്ഥന വളരെ നിഷ്ഠയായി നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ഈശ്വരബോധത്തിന്റെ പരിശുദ്ധി എത്ര മഹത്തരമായിരുന്നു എന്നു കാണിക്കുന്നതിന് ഒരു ഭാഗം ഉദ്ധരിക്കാം:—

"തന്നെബ് ഭജിക്കുന്നവനെബ് ഭജിച്ചീടു-
മന്യഭാവം പരമാത്മാവിനില്ലല്ലൊ
ഭക്തിഗമ്യൻ പരമേശ്വരൻ വല്ലഭേ!"

എന്നിങ്ങിനെയാണ് അദ്ദേഹം ഈശ്വരനെപ്പററി ധ്യാനിച്ചിരിക്കുന്നതെന്നു സ്വപത്നിയോടു പറയുന്ന ഭാഗത്തിൽനിന്നുഗ്രഹിക്കാവുന്നതാണ്. ഇത്രതത്വജ്ഞാനസമ്പന്നനായ ജീവി കുരങ്ങനാണെന്നു ആരു പറയും, ആരു വിശ്വസിക്കും? സ്നാനകൎമ്മാദികളാൽ ശുചിത്വം പരിരക്ഷിക്കപ്പെടുന്നതു ജന്തുധൎമ്മമാണോ എന്ന് ആലോചിച്ചാൽ ഇതിന്റെ അസാംഗത്യം മനസ്സിലാകുന്നതാണ്.

ബാലിസുഗ്രീവന്മാർ ശത്രുക്കളായിത്തീൎന്നുകൊണ്ടു സുഗ്രീവൻ പ്രാണരക്ഷാൎത്ഥം അദ്രിശൃംഗങ്ങളിൽ നിഗൂഢം വസിക്കുന്നകാലത്താണ് രാമലക്ഷ്മണന്മാർ സീതാന്വേഷണാൎത്ഥം വനസഞ്ചാരം ചെയ്തിരുന്നത്. അജയ്യനായ അഗ്രജനിലുള്ള ഭീതിനിമിത്തം അപരിചിതരെക്കാണുമ്പോൾ ജ്യേഷ്ഠന്റെ ആജ്ഞ നിറവേററാൻ വരുന്നവരായിരിക്കുമോ എന്നു ഭയപ്പെടുന്ന ഭീരുവായ

സുഗ്രീവൻ പർവ്വതാഗ്രേ നിന്നു ശ്രീരാമലക്ഷ്മണന്മാരെക്കണ്ടപ്പോഴും ഭീരുതയോടുകൂടി ശങ്കിക്കുന്നു. ആ അപരിചിതർ ആരെന്നറിഞ്ഞുവരുന്നതിനു തൻെറ ആത്മമിത്രമായ ഹനുമാനെ നിയോഗിക്കുന്നു. ഹനുമാൻെറ ബുദ്ധിപൂർവ്വമുള്ള പെരുമാററം ശ്രീരാമനെ അപഹൃതചിത്തനാക്കുന്നു. അദ്ദേഹം അനുജനോട്

"പശ്യ സഖേ!. വടുരൂപിണം ലക്ഷ്മണ!
നിശ്ശേഷശബ്ദശാസ്ത്രമനേന ശ്രുതം
ഇല്ലൊരപശബ്ദമെങ്ങുമേ വാക്കിങ്കൽ
നല്ല വയ്യാകരണൻ വടു നിർണ്ണയം"

എന്ന് അഭിനന്ദനരൂപത്തിൽ പറയുന്നു. വ്യാകരണം മുഴുവൻ പലപ്രകാരത്തിൽ പഠിച്ച ശബ്ദശാസ്ത്രപാരംഗതനായ ഹനുമാനും കുരങ്ങനാണെന്നു ഘോഷിച്ചിരിക്കുന്നു. അപശബ്ദംകൂടാതെ സംഭാഷണം ചെയ്യുന്നതിന് ഇന്നത്തെ ചില പരിഷ്കാരികളായ ബിരുദധാരികൾക്കു പോലും സാധിക്കാത്ത സ്ഥിതിക്ക് അപശബ്ദലേശമില്ലാതെ സംഭാഷണം ചെയ്ത വചോവിലാസസരസനായ ഹനുമാൻ നിശ്ചയമായും വിദ്വൽശിരോമണിയായിരിക്കുമല്ലൊ. ഇതുകൊണ്ടുതന്നെ ഇദ്ദേഹം ഒരു മനുഷ്യശ്രേഷ്ഠനായിരിക്കണമെന്നൂഹിക്കാം. കിഷ്കിന്ധാരാജാവായ സുഗ്രീവൻെറ മന്ത്രിമാരിൽ ഒരാളായിരുന്നു ഹനുമാൻ. മന്ത്രിസത്തമനായ ഹനുമാനാൽ ആനീതരായ അപരിചിതരിൽ ആപൽശങ്കയ്ക്കവകാശമില്ലെന്നു സുഗ്രീവൻ ധരിക്കത്തക്കവണ്ണം സമയോചിതമായ തന്ത്രം പ്രയോഗിക്കുന്ന ഹനുമാൻെറ ബുദ്ധിസാമർത്ഥ്യം ആദരണീയം തന്നെ. ഈ ഉത്തമനായ മന്ത്രിസത്തമനെ കുരങ്ങനെന്ന് അവഹേളിക്കുന്നത് എത്ര കഷ്ടമാണ്!

രാമസുഗ്രീവന്മാർ അഗ്നിസാക്ഷിയായി സത്യംചെയ്തു മിത്രങ്ങളാകുന്ന ഭാഗം നോക്കുക.

"മർക്കടശ്രേഷ്ഠനാം മാരുതിയന്നേരം
അഗ്നിയും ജ്വലിപ്പിച്ചു ശുഭമായ ലഗ്നവും
പാർത്തു ചെയ്യിപ്പിച്ചു സഖ്യവും."

മഹൽകർമ്മങ്ങളുടെ ശുഭാപ്തി അതനുഷ്ഠിക്കുന്ന മുഹൂർത്തത്തെ ആശ്രയിച്ചിരിക്കുമെന്ന വിശ്വാസം ഇവർക്കുണ്ടായിരുന്നതുകൊണ്ടാണ് "ശുഭമായ ലഗ്നവും പാർത്തു" സഖ്യം ചെയ്യിച്ചത്. ഇവർ ജ്യോതിശ്ശാസ്ത്രജ്ഞന്മാരായിരുന്നു എന്ന് ഇതുകൊണ്ടു നിശ്ചയിക്കാം. സൽകർമ്മങ്ങളനുഷ്ഠിക്കുമ്പോൾ അഗ്നി ജ്വലിപ്പിക്കുന്നതു (ഭദ്രദീപം പ്രകാശിപ്പിക്കുന്നത്) ആസ്തികന്മാരുടെ ആചാരമാണ്. ഇവരുടെ കർമ്മാനുഷ്ഠാനമുറകൾ ബാലിയുടെ ശവസംസ്കാരാദി ശേഷക്രിയകൾ അനുഷ്ഠിക്കുന്നതിൽനിന്നു ഗ്രഹിക്കാൻ സാധിക്കും. രക്തസംബന്ധികൾ മരിച്ചാൽ പുല ആചരിക്കുന്ന സമ്പ്രദായം ഇവർക്കുമുണ്ടായിരുന്നു. ബാലിവധം കഴിഞ്ഞ ശേഷം ശ്രീരാമൻ

"സുഗ്രീവനോടരുൾചെയ്താനനന്തര-
മഗ്രജപുത്രനാമംഗദൻതന്നെയും
മുന്നിട്ടു സംസ്കാരമാദി കർമ്മങ്ങളെ
പുണ്യാഹപര്യന്തമാഹന്ത ചെയ്ക നീ"

എന്നു സുഗ്രീവനോട് ആജ്ഞാപിക്കുന്നു. പുല അവസാനിച്ചു ശുദ്ധമാകണമെങ്കിൽ പുണ്യാഹം കഴിക്കണമെന്ന ആചാരം അക്കാലത്തും ഉണ്ടായിരുന്നു എന്നു സംസ്കാരാദികർമ്മങ്ങൾ പുണ്യാഹപര്യന്തം അനുഷ്ഠിക്കുന്നതിന് ആജ്ഞാപിക്കുന്നതിൽനിന്നൂഹിക്കാം. അനന്തരം

"രാമാജ്ഞയാ തെളിഞ്ഞാശു സുഗ്രീവനു-
മാമോദപൂർവ്വമൊരുക്കിത്തുടങ്ങിനാൻ

സൌമ്യയായുള്ളൊരു താരയും പുത്രനും
ബ്രാഹ്മണരുമമാത്യപ്രധാനന്മാരും
പൌരജനങ്ങളുമായ് നൃപേന്ദ്രോചിതം
ഭേരീമൃദംഗാദി വാദ്യഘോഷത്തൊടും
ശാസ്ത്രോക്തമാർഗ്ഗേണ കർമ്മം കഴിച്ചഥ
സ്നാത്വാ ജഗാമ രഘുനന്ദനസന്നിധൌ."

ശ്രീരാമൻെറ അഭിപ്രായമനുസരിച്ചു പുണ്യാഹകർമ്മങ്ങൾ സുഗ്രീവൻ വേണ്ടതു വട്ടംകൂട്ടുന്നു. മഹാരാജാക്കന്മാരുടെ ശവസംസ്കാരം നടത്തുന്നവിധംതന്നെ ആഡംബരപൂർവ്വമാണ് ബാലിയുടെ സംസ്കാരക്രിയ അനുഷ്ഠിച്ചത്. ബ്രാഹ്മണാദി ചാതുർവ്വണ്യം കിഷ്കിന്ധയിൽ അന്നുണ്ടായിരുന്നു. പുലക്കാലങ്ങളിൽ രാജാക്കന്മാർ അന്യന്മാരുമായിട്ട് ഇതരകാര്യങ്ങളിൽ ഇടപെടുകയില്ലായിരുന്നു. അതുകൊണ്ടാണ് പുണ്യാഹകർമ്മം കഴിച്ചു കുളികഴിഞ്ഞ ശേഷം ശ്രീരാമസന്നിധിയിലേക്കു പോയത്. ഇതൊക്കെയാണ് മേൽ ഉദ്ധരിച്ച ഭാഗത്തിൽനിന്നു നമുക്കു ഗ്രഹിക്കാൻ കഴിയുന്നത്. സുഗ്രീവാദികൾ യഥാർത്ഥഹിന്ദുക്കളും ബ്രാഹ്മണപൌരോഹിത്യം സ്വീകരിച്ചിട്ടുള്ളവരുമായിരുന്നു എന്നും ഊഹിക്കാവുന്നതാണ്.

കിഷ്കിന്ധയിലെ സ്ത്രീകളുടെ മഹിമയും അവരോടു യുവരാജാവായ ലക്ഷ്മണനുള്ള ബഹുമാനവും ഗ്രഹിക്കുന്നതിനു രാമാജ്ഞ കൈക്കൊണ്ടു കിഷ്കിന്ധയിൽ പ്രവേശിച്ച കോപിഷ്ഠനായ ലക്ഷ്മണനെ സാന്ത്വനപ്പെടുത്തുന്ന താരയുടെ വാക്ചാതുരികൊണ്ടറിയാവുന്നതാണ്. കിഷ്കിന്ധയിലെ രാജാവായി അഭിഷിക്തനായതുകൊണ്ടു കൃതാർത്ഥനായ സുഗ്രീവൻ ശ്രീരാമനുമായി ചെയ്ത കരാർ വിസ്മരിച്ചു കൃതഘ്നനായിരിക്കയാണെന്നു ശങ്കിച്ച് അദ്ദേഹത്തെ അഗ്രജൻെറ പിന്നാലെ കാലനുക്കയക്കു

നുണ്ടെന്ന് അറിയിക്കുവാൻ ലക്ഷ്മണനെ നിയോഗിച്ചതനുസരിച്ചു ലക്ഷ്മണൻ കോപാകുലനായി രാജധാനിയിലേക്കു വരുന്ന വിവരം അറിഞ്ഞു ഹനുമാൻ താരയെ കൊട്ടാരവാതുക്കലേക്ക് എതിരേല്ക്കുന്നതിനയയ്ക്കുന്നു. താര സാരസ്യവാക്കുകൾകൊണ്ടു ലക്ഷ്മണനെ ശാന്തചിത്തനാക്കിത്തീർത്ത ശേഷം അന്തഃപ്പുരത്തിലേക്ക് ആനയിക്കുന്നു. ഏററവും പരിഷ്കൃതമാനസനും വിദ്വാനുമായ ലക്ഷ്മണൻ താരയുടെ പെരുമാററവും വചോവിലാസവും കൊണ്ടു കോപവിവർജ്ജിതനായിത്തീരുകയാണ് ചെയ്യുന്നത്. ഇത്രമാത്രം പാടവമുള്ള മഹാരാജ്ഞിയായ താര കേവലം ഒരു പെൺകുരങ്ങാണെന്നു ധരിക്കാൻ ആക്കും തന്നെ സാദ്ധ്യമല്ല. രാജപ്രതിനിധികളായ അംഗദനും ഹനുമാനും ലക്ഷ്മണനെ കൈകൊടുത്തു സ്വീകരിക്കുന്നതും മററും എത്ര പരിഷ്കൃതരീതിയിലാണെന്നതു സ്മർത്തവ്യമാകുന്നു ആ രാജധാനിയിലെ ഐശ്വര്യപൂർണ്ണതയും പരിഷ്കാരപ്രചുരിമയും ആരേയും ആശ്ചര്യപ്പെടുത്തി ആനന്ദതുന്ദിലരാക്കാതിരിക്കയില്ല.

“പശ്യ തത്ര മഹാസൌധാൻ യൂഥപാനാം സമന്തതഃ
ജഗാമ ഭവനം രാജ്ഞഃ സുരേന്ദ്രഭവനോപമം.”

അവിടെ എല്ലാടവും വാനരപ്രമാണികളുടെ വലിയ മാളികകൾ കണ്ടുകൊണ്ടു ലക്ഷ്മണൻ ഇന്ദ്രപുരസദൃശമായ സുഗ്രീവസദനത്തിലേയ്ക്കു പോയി. വിശേഷപ്പെട്ട രമ്യഹർമ്മങ്ങളിലാണത്രെ വാനരന്മാർ അധിവസിച്ചിരുന്നത്. ഇത്ര വിശേഷപ്പെട്ട നഗരത്തിലധിവസിച്ചിരുന്നവർ പ്രജ്ഞാശൂന്യരെന്നു പറയപ്പെടുന്ന കുരങ്ങന്മാരായിരുന്നുവോ?

ഈവക സംഗതികൾ ആലോചിക്കുമ്പോൾ സുഗ്രീവാദികൾ വിജ്ഞന്മാരായിരുന്ന മനുഷ്യശ്രേഷ്ഠന്മാരായി

രുന്നു എന്നും കിഷ്കിന്ധാനഗരം പ്രഭുക്കന്മാരാൽ അധിവസിക്കപ്പെട്ടിരുന്ന മഹിതമന്ദിരങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു എന്നും നിശ്ചയിക്കാവുന്നതാണ്. അതുകൊണ്ടു സുഗ്രീവാദികൾ വാനരന്മാരല്ലായിരുന്നു എന്നനുമാനിക്കാം.

എസ്. പത്മനാഭപിള്ള.

## ചരമം

ഇദ്ധാത്രീവാസമയ്യോ! പണി പരമിനിമേ-
    ലെന്നുറച്ചുന്നതാത്മാ
'ശുദ്ധാശുദ്ധാംഗജുഷ്ടൻ' കലിമലരഹിതൻ
    നീലകണ്ഠദ്വിജാഗ്ര്യൻ
അദ്ധാന്തേവാസികൾക്കൾക്കനിവൊടു പരമാ-
    ശിസ്സു നൽകീട്ടു ശിഷ്ടൻ
ബദ്ധാമോദം വിധിജ്ഞൻ ഹരിപദമമലം
    പൂകിനാൻ യോഗശാലി. ൧

സൂരിമൌലിമണിയായൊരു പുന്ന-
ശ്ശേരിനമ്പി ധരണീതലവാസം
ഭൂരിദുഃഖകരമാമിനിയെന്നുൾ-
ത്താരിലോർത്തു ദിവി പോയതുതന്നെ. ൨

    മണ്ഡിയൊടൊത്ത മഹാനാ-
പ്പണ്ഡിതവര്യൻ പരേതനായതഹോ!
    ശൌണ്ഡികശാപാലെന്നും
ഖണ്ഡിച്ചിപ്പോൾക്കഥിച്ചിടുന്നു ചിലർ. ൩

    പാപവിഹീനൻ ധന്യൻ
താപസതുല്യൻ നിനയ്ക്കിലദ്ദേഹം
    ശ്രീപതിഭക്തേ ശാത്രവ-
ശാപം ചെറുതും ഫലിക്കയില്ല ദൃഢം. ൪

ഭൂവിൽ തദ്വിധനായൊരു
കോവിദനിനിമേൽബ്ഭവിക്കുവാൻ വിഷമം
ഈ വിധി ഹന്ത! വിധിച്ചോ-
രാ വിധി പാരം കഠോരഹൃദയൻ താൻ. ൮

നീലകണ്ഠദ്വിജൻ ധീമാൻ
കാലധർമ്മം ഗമിക്കയാൽ
മാലനല്പമഹോ! ധാത്രീ-
പാലകർക്കുമുദിച്ചുപോയ്. ൯

വന്നതാർക്കുമൊഴിക്കാവ-
ല്ലൊന്നർത്ഥിക്കാം നമുക്കിനി
എന്നും ദൈവം തദീയാത്മാ-
വിന്നു നൽകട്ടെ സൽസുഖം. ൰

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

## ഒരു നിവാപമാല്യം

ഈയിടെ യശശ്ശരീരനായി ഭവിച്ച മഹാപണ്ഡിതമണ്ഡലമണ്ഡനായമാനനായശ്രീമാൻ പുന്നശ്ശേരിനമ്പിനീലകണ്ഠശർമ്മാ അവർകളുടെ ഗുണഗണങ്ങളെ പ്രശംസിച്ചും, ശാശ്വതവിയോഗത്തെക്കുറിച്ച് അനുശോചിച്ചും, അദ്ദേഹത്തിന്റെ സ്നേഹിതന്മാരായ പല മഹാന്മാരും പ്രിയശിഷ്യന്മാരും ഇതിനിടയിൽ പല പത്രപംക്തികളിലും എഴുതിയിട്ടുള്ള ഓരോ ഉത്തമലേഖനങ്ങളെ വായിച്ചിട്ടുള്ളവക്ക് എന്റെ ഈ കുറിപ്പു കണ്ടാൽ വെറുപ്പുതോന്നാതിരിക്കയില്ലെങ്കിലും അദ്ദേഹം എന്റെ ഗുരുനാഥന്റെ ആപ്തമിത്രമായിരുന്നതുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് എനിക്കുള്ള സ്മരണകളെ ഈ അവസരത്തിൽ രേഖപ്പെടുത്താതിരുന്നാൽ കൃതഘ്നതാദോഷം

എന്നെ ബാധിക്കുമെന്നു വിചാരിച്ചിട്ടുമാത്രമാണ് ഞാൻ ഈ ചാപലത്തിനാരംഭിക്കുന്നതെന്നുള്ള വസ്തുത മുൻകൂട്ടി പ്രകാശിപ്പിച്ചുകൊള്ളുന്നു.

എനിക്കു മഹാത്മാവായ നമ്പി അവർകളുടെ പ്രഥമദർശനത്തിന്നു ഭാഗ്യം സിദ്ധിച്ചതു കൊല്ലവർഷം ൧൦൬൮-ാമാണ്ടു വൃശ്ചികമാസത്തിലാണ്. അന്നു ഞാൻ കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ സംസ്കൃതവും ജ്യൌതിഷവും പഠിക്കുകയായിരുന്നു. ഗുരുനാഥൻതിരുമനസ്സിലെ ജ്യോതിശ്ശാസ്ത്രനൈപുണ്യത്തെക്കുറിച്ചു പലരും പറഞ്ഞുകേട്ടിട്ട് അവിടത്തെ കാണ്മാനായിട്ടാണ് അദ്ദേഹം വന്നത്. അക്കാലത്ത് അദ്ദേഹം ആണ്ടുതോറും വൈക്കത്ത് അഷ്ടമിക്കു ഭഗവദ്ദർശനത്തിനു പോവുക പതിവായിരുന്നു. അന്നു കൊച്ചിരാജ്യത്തു തീവണ്ടിയില്ലാതിരുന്നതിനാൽ പട്ടാമ്പിയിൽനിന്നു തിരൂരോ, പൊന്നാനിയിലൊ, ചാവക്കാട്ടോ ചെന്നു തോണി കയറീട്ടാണ് അദ്ദേഹം തെക്കൻദിക്കുകളിൽ സഞ്ചരിച്ചിരുന്നത്. ഈ യാത്രയിൽ തിരുവഞ്ചിക്കുളത്തു നടയിൽ തോണിയിറങ്ങി അവിടെ ചിദംബരേശദർശനം കഴിച്ചു ബന്ധുഗൃഹമായ തെക്കെ ഇല്ലത്തു സുഖമായി താമസിക്കും. ഇങ്ങിനെ പതിവായിരുന്നു. ഈ പതിവു കൊച്ചിയിൽ തീവണ്ടി നടപ്പാകുന്നതുവരെ നിർവ്വിഘ്നമായി അദ്ദേഹം സാധിച്ചിരുന്നു. ഇങ്ങിനെയുള്ള യാത്രയിലാണ് ഒരിക്കൽ മുൻപറഞ്ഞപോലെ അദ്ദേഹം ഗുരുസന്നിധിയിൽ വന്നുചേർന്നത്. അന്നത്തെ സംഭാഷണം കഴിഞ്ഞു പിരിഞ്ഞതിൽപിന്നെ അദ്ദേഹം കൊടുങ്ങല്ലൂർ വിട്ടു തെക്കോട്ടുള്ള യാത്രകളിൽ കഴിച്ചുകൂടാത്ത പ്രതിബന്ധങ്ങളില്ലെങ്കിൽ ഇവിടെ ഇങ്ങിനെ ഭഗവതിയേയും തിരുവഞ്ചിക്കുളത്തുമഹാദേവനേയും

വന്ദിച്ച തമ്പുരാൻതിരുമനസ്സിലെ കണ്ടു സംഭാഷണവും കഴിച്ചല്ലാതെ പോവുക പതിവില്ല.

ഇങ്ങിനെയുള്ള സമാഗമവും സംഭാഷണവും ഒന്നുരണ്ടുതവണ കഴിഞ്ഞപ്പോൾ വ്യാകരണത്തിലും, കാവ്യനാടകാലങ്കാരാദിസാഹിത്യങ്ങളിലും വിശേഷിച്ച ജ്യോതിശ്ശാസ്ത്രത്തിലും നമ്പി അവർകൾക്കുള്ള പാണ്ഡിത്യം മനസ്സിലായതോടുകൂടി തിരുമനസ്സിലേക്ക് അദ്ദേഹത്തിൻെറ ആഗമനം ഒരുത്സവമായിത്തീൎന്നു.

അക്കാലത്തു കൊടുങ്ങല്ലൂർ കോവിലകം തൎക്കം, വ്യാകരണം, സാഹിത്യം, ജ്യോതിഷം, വൈദ്യം, സംഗീതം, കവിത മുതലായ വിദ്യകളുടെ വിലാസരംഗമായിരുന്നു. ഗുരുനാഥൻെറ സഹോദരന്മാരും ഭാഗിനേയന്മാരുമായ വലിയ കുഞ്ഞുരാമവൎമ്മൻതമ്പുരാൻ, കുഞ്ഞുണ്ണിത്തമ്പുരാൻ, കുഞ്ഞൻതമ്പുരാൻ, ചെറിയകൊച്ചുണ്ണിത്തമ്പുരാൻ (കവിസാൎവ്വഭൌമൻ) ഭട്ടൻ ഗോദവൎമ്മൻതമ്പുരാൻ, (മഹാമഹോപാധ്യായൻ) കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായ തമ്പുരാക്കന്മാരും അവരുടെ ഗുരുനാഥന്മാരായ കുംഭകോണം കൃഷ്ണശാസ്ത്രികളും, ചോളദേശീയനായ ശാകോപാചാൎയ്യരും ഇവരുടെയെല്ലാം ശിഷ്യപ്രശിഷ്യന്മാരും കൂടിചേൎന്നിട്ടുള്ള ആ സദസ്സ് ഒരു കേരളസൎവ്വകലാശാലതന്നെയായിരുന്നു എന്നു രസികാഗ്രഗണ്യനായ നമ്പി അവർകൾ പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്.

ഏടയ്ക്കിടയ്ക്ക് ഈ സംഘത്തിൽ ചേൎന്നു വിദ്യാവിനോദം അനുഭവിപ്പാനുള്ള കൌതുകത്താൽ ആവിഷ്ടചിത്തനായിട്ടു പ്രസ്തുത കഥാപുരുഷൻ, അഷ്ടമിയാത്രയിലല്ലാതെതന്നെയും പലപ്പോഴും ദൂരസഞ്ചാരക്ലേശം വകവെയ്ക്കാതെ ഇവിടെ വന്നുകൂടാറുണ്ടായിരുന്നു. ഇത്തരമു

ള്ള സമ്മേളനത്തിൽ ചിലപ്പോൾ ദുൎഘടങ്ങളായ പദങ്ങളുടെ വ്യാകരണപ്രക്രിയാചിന്തനമോ, ചിലപ്പോൾ വൈദ്യശാസ്ത്രസംബന്ധമായ ദോഷകോപചികിത്സായുക്തിവിചാരമോ, ജ്യോതിശ്ശാസ്ത്രവിഷയമായ ഗണിതക്രിയാഭേദങ്ങളൊ, തിഥിനക്ഷത്രകാൎയ്യങ്ങളുടെ സന്ദേഹനിൎണ്ണയമോ, പ്രശ്നജാതകഫലനിൎദ്ദേശരീതിഭേദങ്ങളൊ ആയിരിക്കും വിഷയം; ചിലസമയം, രഘുവംശം, കുമാരസംഭവം, നൈഷധം മുതലായ കാവ്യങ്ങളിൽനിന്നോ ശാകുന്തളം, അനൎഘരാഘവം മുതലായ നാടകങ്ങളിൽനിന്നോ പദ്യങ്ങളും ഗദ്യങ്ങളും എടുത്തു സന്ദൎഭഭേദങ്ങളേയും രസാലങ്കാരധ്വന്യാദികളേയും പാത്രാനുഗുണ്യവൈഗുണ്യങ്ങളേയും രചനാവിശേഷങ്ങളേയും താരതമ്യപ്പെടുത്തി സഹൃദയാമോദപ്രദമായ ഉപന്യാസമായിരിക്കും.

ഇങ്ങിനെ ഈ പണ്ഡിതന്മാരുടെ സമ്മേളനം ൧൦൭൯ കർക്കടകം ൧൮-ാംനു കൃഷ്ണശാസ്ത്രികളുടേയും, അതിനു ശേഷം തമ്പുരാക്കന്മാരിൽ ചിലരുടേയും ദേഹവിയോഗത്താൽ ക്രമേണ അകന്നുതുടങ്ങി. പട്ടാമ്പി, കോഴിക്കോട്, കോട്ടക്കൽ മുതലായ വടക്കൻദിക്കുകളിലും വൎക്കല, കോട്ടയം, തിരുവനന്തപുരം മുതലായ തെക്കൻദിക്കുകളിലും തൃശ്ശിവപേരൂർ മുതലായ മദ്ധ്യപ്രദേശങ്ങളിലും അക്കാലത്തു നടന്നിരുന്ന പല സാഹിത്യസമാജങ്ങളിൽ പ്രസംഗത്തിനായിട്ടും കവിതാപരീക്ഷയ്ക്കായിട്ടും സാധാരണ സഞ്ചരിക്കാറുള്ളതിനാൽ കുഞ്ഞിക്കുട്ടൻതമ്പുരാനെ കുറിച്ചു നമ്പി അവർകൾക്ക് ഒരു പ്രത്യേകപ്രതിപത്തിയുണ്ടായിരുന്നു. ൧൦൮൮ മകരം ൧൦-ാംനു അവിടുന്നു കഥാശേഷനായ വിവരം അറിഞ്ഞിട്ട് അദ്ദേഹം അത്യന്തം വ്യസനിക്കുകയും "സരസ്വതീകടാക്ഷം തികഞ്ഞ

ഒരു സൽക്കവി കേരളത്തിനു നഷ്ടമായി" എന്നു പ്രസ്താവിക്കുകയും ചെയ്തു. മലയാളഭാഷാഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിൽ അദ്ദേഹത്തിന് അധികം ഔൽസുക്യമില്ലാതിരുന്നിട്ടും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ 'മദിരാശിയാത്ര' എന്ന ഭാഷാകാവ്യത്തെ സ്വകീയവിജ്ഞാനചിന്താമണിമുദ്രാലയത്തിൽ സൌജന്യമായി അച്ചടിപ്പിച്ചതുതന്നെ അവർ തമ്മിലുള്ള സൌഹാർദ്ദാതിരേകത്തിനു ദൃഷ്ടാന്തമാകുന്നു. അതിൽപിന്നെ ൧൦൯൩ ധനു ൧൦-ാംനു സ്വർഗ്ഗാരോഹണം ചെയ്ത എന്റെ ഗുരുനാഥനായ ജ്യോത്സ്യൻ വലിയ കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലെ കാണ്മാനായി ഒരിക്കലും, ൯൯-ലൊ ൧൦൦-ലൊ മറെറാ വൈദ്യനും കവിസാർവ്വഭൌമനുമായിരുന്ന ചെറിയ കൊച്ചുണ്ണിത്തമ്പുരാനെക്കണ്ടു തനിക്കുതന്നെ ഒരു ചികിത്സ ആലോചിപ്പാനായി മറെറാരിക്കലും ആ വിദ്വച്ഛിരോമണി ഇവിടെ വന്നിരുന്നതായിട്ടോർമ്മതോന്നുന്നുണ്ട്. ൧൧൦൧ കർക്കടകം ൧൧-ാംനു ആ സഹൃദയകവിസാർവ്വഭൌമനുടെ ഭൌതികശരീരം വെടിഞ്ഞതിനു ശേഷം അദ്ദേഹം ഇവിടെ വരാറില്ല. എങ്കിലും ൯൯ ചിങ്ങം മുതൽ ൧൦൭ കുംഭം വരെ ഞാൻ ഭാഷാപരിഷ്കരണക്കമ്മിററിയിൽ പണ്ഡിതരായി തൃശ്ശിവപേരൂർ താമസിച്ചിരുന്നതിനിടയ്ക്കു പല അവസരങ്ങളിലും എനിക്ക് ആ വൃദ്ധപണ്ഡിതവര്യനെ കണ്ടു വിസ്രംഭസംഭാഷണം ചെയ്വാനും ഒന്നുരണ്ടുപ്രാവശ്യം പട്ടാമ്പിയിൽ അദ്ദേഹത്തിന്റെ ഇല്ലത്തു പോയി രണ്ടുംമൂന്നും ദിവസം സഹവസിപ്പാനും കൂടി ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെന്നു സാഭിമാനം പറയാം.

മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ആഭിമുഖ്യത്തിൽ ൧൦൨-ൽ തൃശ്ശിവപേരൂർ നടത്തി

യ സമസ്തകേരളസാഹിത്യപരിഷത്തിൽ രണ്ടുമൂന്നുദിവസം അദ്ദേഹത്തിനു സ്നാനഭോജനനിദ്രാദികളിലും ശയനാസനശയ്യാദികളിലും വേണ്ടുന്ന സകല സൌകൎയ്യങ്ങളും ചെയ്തുകൊടുപ്പാനുള്ള ചുമതല തമ്പുരാൻ തിരുമനസ്സുകൊണ്ട് എന്നെ ഏല്പിച്ചിരുന്നു. പരിഷത്തു കഴിഞ്ഞു പട്ടാമ്പിയിൽ ചെന്നിട്ട് അദ്ദേഹം തമ്പുരാൻതിരുമനസ്സിലേക്കയച്ച ഒരെഴുത്തിൽ ആ പരിഷത്തു ഒരു രാജസൂയമായിരുന്നു എന്നു മഹാഭാരതത്തിലെ പദ്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സംതൃപ്തിയെ വെളിപ്പെടുത്തിയിരുന്നു. ൬൦൩ കുംഭത്തിൽ ഞാൻ പട്ടാമ്പിയിൽ അദ്ദേഹത്തിന്റെ ഇല്ലത്തു പോയി രണ്ടുമൂന്നുദിവസം താമസിച്ചു. ഒന്നുരണ്ടു സ്ഥലത്തുനിന്നു കിട്ടിയ അബദ്ധപ്രചുരങ്ങളായ ചില താളിയോലഗ്രന്ഥങ്ങളിൽനിന്നു ഞാൻ പകൎത്തിവെച്ചിരുന്ന ഉണ്ണായിവാരിയരുടെ കൃതിയായ 'ശ്രീരാമപഞ്ചശതി' എന്ന സംസ്കൃതസ്തോത്രഗ്രന്ഥം അദ്ദേഹത്തെക്കാണിച്ചു തെറ്റുതീൎപ്പിച്ചാൽ കൊള്ളാമെന്നു വിചാരിച്ചാണ് അന്നു പോയത്. എന്റെ അപേക്ഷ അറിയിച്ചപ്പോൾ അദ്ദേഹത്തിൽനിന്ന് എനിക്കു കിട്ടിയ മറുപടി എന്നെ വിസ്മയിപ്പിപ്പാൻ പൎയ്യാപ്തമായിരുന്നു. "ഗ്രന്ഥം ഇവിടെ തന്നേക്കു; ഞാൻ അതു മുഴുവൻ വായിച്ചുനോക്കി തെറ്റുതിരുത്തി ഒരു ടിപ്പണിയുംകൂടി എഴുതി അയച്ചുതന്നേക്കാം;" എന്നു പറകയും, എന്റെ തല്ക്കാലസംതൃപ്തിക്കുവേണ്ടി രണ്ടുദിവസംകൊണ്ടു ആ സ്തോത്രം മുഴുവനും എന്നെക്കൊണ്ടു വായിപ്പിച്ചു ശ്രദ്ധാപൂൎവ്വം കേൾക്കുകയും വഴിയെ ഒന്നുരണ്ടു മാസത്തിനിടയ്ക്ക് അദ്ദേഹം തന്റെ പ്രതിജ്ഞയെ സഫലീകരിച്ച് ഒരു അഭിപ്രായപത്രികാസഹിതം ഗ്രന്ഥം മടക്കി അയച്ചുതരികയും ചെയ്തു.

[ആ ടിപ്പണിയോടും അഭിപ്രായപത്രത്തോടുംകൂടി ടി. ഗ്രന്ഥം ഞാൻ തിരുവിതാംകൂർ ഗവർമ്മെൻറ് ക്യൂറേററർക്കയയ്ക്കുകയും അവിടെനിന്ന് അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചുകൊള്ളാമെന്നു ക്യൂറേററർ എനിക്കു മറുപടി അയച്ചുതരികയും ചെയ്തിട്ട് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞുവെങ്കിലും ഇതുവരെ ഗ്രന്ഥം പ്രസിദ്ധീകരിച്ചതായി അറിയുന്നില്ല.]

തദനന്തരം ൧൦൯ മേടത്തിൽ നിലമ്പൂർ സാഹിത്യപരിഷത്തിൽവെച്ച് ഒരിക്കൽക്കൂടി കാണ്മാനും രണ്ടുമൂന്നുനിമിഷം അനാമയാനുയോഗം ചെയ്വാനും മാത്രമെ എനിക്കു സംഗതി വന്നിട്ടുള്ളു.

മേൽപ്രസ്താവിച്ചപ്രകാരം ഏതാണ്ടു നാലുപന്തീരാണ്ടത്തെ പരിചയംകൊണ്ട് എനിക്ക് അദ്ദേഹത്തെക്കുറിച്ചു ഗുരുനിർവ്വിശേഷമായ ഭക്തിയും അദ്ദേഹത്തിന് എൻെറ നേരെ ശിഷ്യസാമാന്യമായ വാത്സല്യവും ഉണ്ടായിത്തീർന്നതിൽ ആശ്ചര്യ്യമില്ലല്ലൊ.

പ്രാതസ്സ്നാനം കഴിച്ചു ദേവനിർമ്മാല്യപുഷ്പം ചൂടി, എപ്പോഴും ബന്ധിച്ചിരിക്കുന്ന ചെറിയ ശിഖയും, ഭസ്മത്രിപുണ്ഡ്രവും രുദ്രാക്ഷമാലയും ധരിച്ച് ഒരു കോടിപ്പാവുമുണ്ടു ചുററി തങ്കക്കസവിട്ടു മിന്നിത്തിളങ്ങുന്ന സാലയാകുന്ന ഉത്തരാസംഗത്തോടുകൂടി താംബൂലചർവ്വണമില്ലാത്തതുകൊണ്ടു വെൺമുത്തുപോലെ വിളങ്ങുന്ന ദന്തപങ്ക്തികളെ കുറഞ്ഞൊന്നു പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം സദസ്സുകളിൽ പ്രവേശിക്കുമ്പോൾ അവിടെ സന്നിഹിതരായിട്ടുള്ളവർക്കെല്ലാം അസാമാന്യമായ ഒരു ബഹുമാനം തോന്നാതിരിക്കയില്ല. പ്രസ്തുത പണ്ഡിതൻ ഏതു സദസ്സിലും ഈ വേഷത്തിലല്ലാതെ സന്നിഹിതനാകമാറില്ല. മദിരാശി യൂനിവേഴ്സിററി മീററിങ്ങിൽ

പോലും അദ്ദേഹം കഞ്ചുകോഷ്ണീഷാദി നേപത്ഥ്യങ്ങളൊന്നും ധരിക്കാതെതന്നെ പ്രവേശിച്ച സഹൃദയന്മാരെ ആശ്ചര്യപരതന്ത്രരാക്കത്തക്കവണ്ണം തൻെറ കൃത്യങ്ങളെ നിവ്വഹിച്ചപോന്നിരുന്നു.

൧൦൬൭-ലൊ ൬൭ ലൊ കോട്ടയത്തു മലയാളമനോരമാ ആപ്പീസ്സിൽവെച്ച കെ. ഐ. വഗ്ഗീസ്സുമാപ്പിള മുതലായവരുടെ ഉത്സാഹത്താൽ നടത്തിയ ഒന്നാമത്തെ ഭാഷാപോഷിണിസഭയിൽനിന്നാണ് ഞാൻ പ്രസ്തുത പണ്ഡിതൻെറ സംസ്കൃതപ്രസംഗം ആദ്യം കേട്ടത്. അന്ന് അവിടെ സന്നിഹിതരായിരുന്ന എ. ആർ. രാജരാജവമ്മകോയിത്തമ്പുരാൻ (പ്രൊഫസ്സർ) ചങ്ങനാശ്ശേരി രവിവമ്മകോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വാസ്കര ആഢ്യൻ നാരായണൻ മൂസ്സ്, വില്ലവട്ടത്തു രാഘവൻ നമ്പ്യാർ, പന്തളം കൃഷ്ണവാൎയ്യർ മുതലായ രസികശിഖാമണികളും വിദ്വാന്മാരുമായ മഹാന്മാർ നമ്പി അവർകളുടെ 'മന്ദരഗിരിപ്രോദ്ധൂതദുഗ്ദ്ധോദധിപ്രേംഖദ്വീചിപരമ്പരാപരിണത'യായിരിക്കുന്ന വാണീധോരണിയെപ്പററി സവിസ്മയം പ്രശംസിക്കുകയും അനുമോദിക്കുകയും ചെയ്തിട്ടുള്ളത് എത്രമാത്രമാണെന്ന് അറിവുള്ളവരിൽ ഒരാളാണ് സരസകവിവൃദ്ധനായ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ.

അതിനു ശേഷം പലസദസ്സുകളിൽനിന്നും ഞാൻ അദ്ദേഹത്തിൻെറ സംസ്കൃതപ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. മലയാളത്തിലും ലൌകികങ്ങളായോ ശാസ്ത്രീയങ്ങളായോ സാഹിത്യപരങ്ങളായോ ഉള്ള വിഷയങ്ങളെക്കുറിച്ച കാൎയ്യസാരസമ്പൂൎണ്ണങ്ങളും സഹൃദയസംഭാവനീയങ്ങളുമായ ഉപന്യാസങ്ങൾ ചെയ്വാൻ അദ്ദേഹത്തിനു മുൻകൂട്ടിയാതൊരു സന്നാഹവും ചെയ്യേണ്ടതില്ല. ഇരി

പ്പീടത്തിൽനിന്ന് എഴുന്നീററുനില്ക്കുക മാത്രമേ വേണ്ടൂ. ഇടയ്ക്കു മുക്കലോ മൂളലോ, തപ്പലോ തടയലോ, ചുമയ്ക്കലോ കുരയ്ക്കലോ, പൊടി വലിക്കലോ സോഡ കുടിക്കലോ, മുഖം തുടയ്ക്കലോ പോക്കററു തപ്പലോ യാതൊന്നും വേണ്ട. പ്രകൃത്യാ കൃശഗാത്രനാണെങ്കിലും പ്രസംഗാദികളിൽ അദ്ദേഹത്തിൻെറ ശബ്ദം സുശ്രാവമായിരുന്നു. അടുത്തകാലത്തു കേരളീയനായ മറെറാരു പണ്ഡിതനും ഇദ്ദേഹത്തെപ്പോലെ സംസ്കൃതത്തിൽ നിരർഗ്ഗളമായി പ്രസംഗിക്കുവാനും എഴുതുവാനും സാധിച്ചിരുന്നില്ലെന്നുള്ള ഏകസംഗതിതന്നെ ഇദ്ദേഹത്തിൻെറ ശാശ്വതവിജയപതാകയാണെന്നു നിസ്സംശയം പറയാം.

കേരളത്തിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ വ്യാപ്തി വർദ്ധിച്ചതോടുകൂടി സംസ്കൃതഭാഷാപ്രചാരം വളരെ കുറഞ്ഞുതുടങ്ങിയതിനാൽ ആ ദോഷത്തെ യഥാശക്തി പരിഹരിച്ചാൽകൊള്ളാമെന്നുള്ള വിചാരത്താൽ ആ പണ്ഡിതവീരൻ പലരോടും പടവെട്ടുകയും സ്വദേശത്ത് ഒരു പാഠശാല സ്ഥാപിച്ചു വിദ്യാർത്ഥികളെ സൌജന്യമായി പഠിപ്പിക്കുകയും, അതിൻെറ നിർവ്വഹണത്തിനായി 'സാരസ്വതോദ്യോതിനി' എന്നൊരു സഭയേർപ്പെടുത്തുകയും, 'വിജ്ഞാനചിന്താമണി' യെന്നൊരു സംസ്കൃതമാസിക നടത്തുകയും ആ നാമധേയത്തിൽത്തന്നെ ഒരു മുദ്രാലയം സ്ഥാപിക്കുകയും ചെയ്തു. കാലക്രമേണ വ്യയാധിക്യം അസഹ്യമായിത്തീർന്നതിനാൽ അച്ചുക്കൂടവും മാസികയും നിർത്തുകയും പാഠശാലയെ പൂർവ്വാധികം ഉയർത്തുകയും ചെയ്തു. ഇപ്പോൾ മദിരാശിസംസ്ഥാനത്തുള്ള സംസ്കൃതകോളേജുകളിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്ന 'പട്ടാമ്പിസംസ്കൃതകോളേജ്' എന്നുള്ള സ്ഥാപനം അതാണ്. ആ വിദ്യാലയത്തിൽ പഠിച്ചു വിവിധവിഷയങ്ങളിൽ വിദ്വാൻ, ശി

രോമണി മുതലായ പൌരസ്ത്യഭാഷാബിരുദങ്ങൾ സമ്പാദിച്ച പലരും പരദേശത്തും മലയാളത്തിലും പല കോളേജുകളിലും പാഠശാലകളിലും പ്രൊഫസർമാരും പണ്ഡിതന്മാരുമായിത്തീൎന്നിട്ടുണ്ട്.

ഇതിനുപുറമേ അദ്ദേഹത്തിൻെറ സ്വന്തം അന്തേവാസികളായിട്ടു സാഹിത്യം, വ്യാകരണം, വൈദ്യം, ജ്യോതിഷം മുതലായ ശാസ്ത്രങ്ങൾ പഠിച്ച് അതുകൊണ്ടുതന്നെ യശസ്സും ധനവും സമ്പാദിച്ചിട്ടുള്ള ശിഷ്യരുടെ സംഖ്യയും ചെറുതല്ല.

ഈ പണ്ഡിതശ്രേഷ്ഠനു മലയാളത്തിലുള്ള പ്രഭുക്കന്മാരും രാജാക്കന്മാരും പലപ്പോഴും പലപ്രകാരത്തിലും സംഭാവനകളും സമ്മാനങ്ങളും നൽകീട്ടുണ്ട്. 'വിദ്വാൻ മാനവിക്രമൻ ഏട്ടൻതമ്പുരാൻ' എന്നു പ്രസിദ്ധനായ സാമൂതിരിപ്പാട്ടിലെ പാരിഷദന്മാരിൽ 'നമ്പി' യാംദവ സദസ്സിലെ ഉദ്ധവരായിരുന്നു. പുന്നശ്ശേരിഇല്ലത്തേക്കുള്ള 'നമ്പി' സ്ഥാനംതന്നെ 'തിനയഞ്ചേരി ഏളയത്', 'പാറനമ്പി', 'മങ്ങാട്ടച്ചൻ' മുതലായവൎക്കുള്ളതുപോലെ നെടിയിരിപ്പുസ്വരൂപത്തിൽനിന്നു കല്പിച്ചുകൊടുക്കപ്പെട്ടിട്ടുള്ളതാണ്. ഇതുപോലെ തിരുവഞ്ചിക്കുളത്തു ക്ഷേത്രത്തിൽ തൃക്കോവിൽ നടത്തുന്ന തെക്കേ ഇല്ലത്തു മൂത്തതിനു പെരുമ്പടപ്പുസ്വരൂപത്തിൽനിന്നു കല്പിച്ചുകൊടുത്തിട്ടുള്ള 'വെളുത്തനമ്പി' എന്ന സ്ഥാനവും അതിനുള്ള അവകാശവും അവർ ഇന്നും അനുഭവിച്ചുവരുന്നുണ്ടെന്നുള്ള വസ്തുതയും ഈ സന്ദർഭത്തിൽ പ്രസ്താവ്യമാണ്. തിരുവിതാംകൂർ ശ്രീമൂലംമഹാരാജാവും അവിടത്തെ പിൻവാഴ്ചക്കാരും നമ്പി അവർകൾക്കു പലപ്പോഴും പാരിതോഷികങ്ങളും വിദ്വത്സംഭാവനകളും കല്പിച്ചുകൊടുത്തിട്ടുണ്ട്. കൊച്ചിമഹാരാജാവും 'പണ്ഡിതരാജൻ' എ

ന്ന ബിരുദവും പല സംഭാവനകളും കല്പിച്ചുകൊടുത്തു ബഹുമാനിച്ചിട്ടുണ്ട്.

ഇപ്രകാരം ഒരദ്ധശതാബ്ദത്തിലധികം കാലം അധീതിബോധാചരണപ്രചാരണങ്ങളെക്കൊണ്ടു വാണീദേവിയെ ആരാധിച്ചു കേരളത്തിൽ സംസ്കൃതഭാഷയെ, ശിഷ്യപ്രശിഷ്യപരമ്പരയാ നിലനിത്തുവാനായിട്ടു തന്നെ ശിവദ്വിജകുലത്തിൽ അവതീണ്ണനായി ആജന്മബ്രഹ്മചാരിയായി ജന്മസാഫല്യം നേടി ദീഗ്ഘസമാധിയടഞ്ഞ ആ നീലകണ്ഠാചാൎയ്യവൎയ്യൻെറ പാദമൂലത്തിൽ തദ്ഗുണഗുംഫിതമായ ഈ ലേഖനമാല്യത്തെ ഞാൻ സഭക്തിബഹുമാനം സമപ്പിച്ചുകൊള്ളുന്നു.

വൈദ്യജ്യൌതിഷപാണിനീയമഹിതാ-
ലങ്കാരസാഹിത്യവിത്
സദ്ധമ്മാഗമമാമ്മികൊ ധിഷണവത്
സച്ഛിഷ്യവൃന്ദേഡിതഃ
വിദ്വാൻ 'നമ്പി'രിതി പ്രശസ്തബിരുദോ
യോ നീലകണ്ഠാഭിധഃ
'ശുദ്ധാത്മാ, ധിഗദൃഷ്ട'! മാമപശിവസാ-
യുജ്യം സശൈവദ്വിജഃ.

കുന്നേഴത്തു പരമേശ്വരമേനോൻ.

## കാക്കപ്പൊന്നും സ്വർണ്ണവും

(തുടച്ച്)

ശശിമുഖി കരയുവാൻ തുടങ്ങി. അവൾ ബുദ്ധിമുട്ടും വ്യസനവും അനുഭവിച്ചിട്ടുണ്ട്. പക്ഷെ ഒരാളും ത

ൻ *

ന്നോട് ഇതുവരെ അനുകമ്പ കാണിച്ചിട്ടില്ല. അവൾ ക്കും ഭർത്താവിന്നും പണി വളരെ ഉണ്ടായിരുന്നതുകൊണ്ട് അന്യോന്യം സമാധാനിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. അന്യോന്യം സന്തോഷിപ്പിക്കുവാനും അവക്കു സാധിച്ചിരുന്നില്ല. തന്റെ ഭാൎയ്യക്കു അന്യന്മാരുടെ ദുഃഖം അറിവാൻ കഴിഞ്ഞിരുന്നില്ലെന്ന് അതുലും, തന്റെ പരാതികളൊന്നും ഭർത്താവു ചെവിക്കൊള്ളുന്നില്ലെന്നു ശശിമുഖിയും തീൎച്ചയാക്കിയിരുന്നു. അവരുടെ അനുരാഗം മരയിക്കുന്ന ദാരിദ്ര്യത്തിൽ ആണ്ടുകിടന്നിരുന്നു. ഇപ്പോൾ ഈ ചെറുപ്പക്കാരന്നു തന്നോട് ഒരു അനുകമ്പ തോന്നിയതായി കണ്ടപ്പോൾ അവളുടെ ഹൃദയം തുടിച്ചു. അവളുടെ തൊണ്ട ഇടറി. ഗൽഗദാക്ഷരത്തിൽ ഇങ്ങിനെ പറഞ്ഞു "ദൈവത്തിന്നല്ലാതെ എന്നെ ആക്കും സഹായിപ്പാൻ സാധിക്കില്ല. മനുഷ്യന്റെ ശക്തിയെ അതിക്രമിച്ചിരിക്കുന്നു എന്റെ കഷ്ടകാലം."

ആ ചെറുപ്പക്കാരൻ അവളുടെ മുമ്പിൽ വന്നുനിന്ന് ഇങ്ങിനെ പറഞ്ഞു. "അമ്മേ! നിങ്ങൾ എന്നെയും ഞാൻ നിങ്ങളെയും അറിയില്ല. പക്ഷെ നിങ്ങളുടെ മുഖം കാണുമ്പോൾ എന്റെ ജീവിതത്തിലെ കഴിഞ്ഞുപോയ ഒരു ഭാഗം എനിക്ക് ഓൎമ്മവരുന്നു. ഒരിക്കൽ ഞാനും നിങ്ങളെപ്പോലെതന്നെ എന്റെ ജീവിതം ഇച്ഛാഭംഗത്തിൽതന്നെ കഴിക്കേണ്ടിവരുമെന്നാലോചിച്ചിരുന്നു. ഒരിക്കൽ ആത്മഹത്തി ചെയ്വാൻകൂടി ഞാൻ ആലോചിച്ചു. പക്ഷെ ഞാൻ ഇപ്പോഴും ഇതാ ജീവനോടുകൂടിത്തന്നെ ഇരിക്കുന്നു. പണി എടുക്കുന്നു. ഞാൻ ഒരുപക്ഷെ കുലീനനല്ലായിരിക്കും. എങ്കിലും ഞാനൊരു മനുഷ്യനാണ്. ഞാൻ നിങ്ങളെ 'അമ്മ'എന്നു വിളിക്കുന്നു. ഒരുസമയം നിങ്ങൾ എനിക്കു താഴെയായിരിക്കാം.

ഇന്നത്തെ സ്ഥിതിയിൽനിന്നു നന്നാകാൻ കാലം തെററിയിട്ടില്ല. ഇതാ എന്നെ നോക്കുവിൻ. എന്തു ബുദ്ധിമുട്ടുണ്ടെങ്കിലും അതിനെ ഒരുവിധത്തിലല്ലെങ്കിൽ വെറൊരു വിധത്തിൽ ജയിക്കാവുന്നതാണ്."

ശശി—എന്റെ ബുദ്ധിമുട്ടിന്ന് ഒരു നിവാരണമുണ്ടെന്നു തോന്നുന്നില്ല. എന്റെ ഭൎത്താവു നൂറുറുപ്പിക സമ്പാദിക്കുന്നുണ്ട്. അതുകൊണ്ട് ഇമ്മാതിരി ഒരു ഗൃഹയിൽ വസ്ത്രമില്ലാതെയും ദിവസത്തിൽ ഒരു നേരം മാത്രം ഉണ്ടും ഒരുവിധം കഴിച്ചുകൂട്ടുന്നു. ഈയുള്ളതും ഇപ്പോൾ പോകാനാണിരിക്കുന്നത്. കടംകൊണ്ട് എന്റെ ഭൎത്താവിന്റെ ഉദ്യോഗം പോകാനിരിക്കുന്നു. പിന്നെത്തെക്കഥ എന്തായിരിക്കും.

ചെറുപ്പക്കാരൻ—കുറേശ്ശകുറേശ്ശയായി കൊടുത്താൽ കടക്കാരൻ നില്ക്കില്ലെ. എല്ലാകടക്കാരും മൎയ്യാദ പറഞ്ഞാൽ അനുസരിക്കുന്നവരാണല്ലൊ.

ശശി—ഈ നൂറുറുപ്പികയിൽനിന്നു കുറേശ്ശയായി കൊടുക്കുന്നതെങ്ങിനെയാണ്. കല്ക്കത്തയിൽ ഞങ്ങൾ നാലാൾക്കുംകൂടി ചിലവിന്ന് എന്തു വേണ്ടിവരുമെന്ന് അറിയില്ലെ? പോരെങ്കിൽ എന്റെ മകന്ന് എപ്പോഴും സുഖക്കേടാണ്. അവന്റെ ചികിത്സയ്ക്കുംകൂടി പണം കാണണം.

ആ ചെറുപ്പക്കാരൻ, തനിക്കു കേവലം അപരിചിതനാണെന്ന കഥ തീരെ മറന്നിട്ടാണ് ശശിമുഖി ഇങ്ങിനെ പറഞ്ഞത്. തന്റെ ദുഃഖം പറഞ്ഞെങ്കിലും തീൎക്കാമെന്നാണ് അവൾ വിചാരിച്ചിരുന്നത്.

ചെറു—നിങ്ങളുടെ വരവിനെ കുറെക്കൂടി വൎദ്ധിപ്പിക്കരുതൊ. നിങ്ങൾക്കും വല്ലതും സമ്പാദിക്കാനാകില്ലെ?

ശശി—ഞാൻ എങ്ങിനെയാണ് സമ്പാദിക്കുന്നത്. എനിക്കു യാതൊരു വിദ്യാഭ്യാസവുമില്ല. എനിക്ക് ഒരു പാഠശാലയിൽ ഉപാദ്ധ്യായിനിയാകാൻ തരമില്ല. എനിക്കു ബംഗാളിഭാഷ മാത്രം കുറേശ്ശ അറിയാം. എല്ലാം അറിയാമെന്നുണ്ടെങ്കിൽതന്നെ എനിക്കു സമയം എവിടുന്നാണ്. ഈ ഗൃഹയിൽ ഞാൻ ഒരു തടവുകാരിയാണ്. കുറെ മൂതിന്ന ഒരു പെൺകുട്ടിയും ആ സുഖക്കേടുള്ള മകനും ഉണ്ട്. അരനിമിഷം അവരെ വിട്ടുപിരിയുവാൻ തരമുണ്ടോ. അല്ലെങ്കിൽ ഞാൻ ഒരു വൃഷളിയായൊ, ഒരു വെപ്പുകാരിയായൊ വല്ലവരുടെകൂടെ താമസിക്കില്ലേ?

പെ—“വഴി പലതുമുണ്ട്. എനിക്ക് ഇന്നു സമയമില്ല. നിങ്ങൾക്ക് ഇഷ്ടമാകുമെങ്കിൽ നാളെ ഈ നേരത്തു ഞാൻ വരാം. നിങ്ങളെ സഹായിപ്പാൻ എനിക്കു സാധിക്കുമെന്നാണ് തോന്നുന്നത്”എന്നു പറഞ്ഞ് അയാൾ പോയി.

ദയയുള്ള ഒരാളോടു സംസാരിക്കുവാൻ ഇടവന്നതിൽ ശശിമുഖിയുടെ മനസ്സു നേരെ വീണു. അയാൾക്കു തന്നെ സഹായിപ്പാൻ കഴിയുമെന്ന് അവൾക്കു തോന്നിയില്ല. എങ്കിലും ഈ ഭൂമിയിൽ ഒരാൾക്കെങ്കിലും തന്നോട് അനുകമ്പ തോന്നിയിട്ടുണ്ടെന്ന് ആലോചിക്കുന്നത് ഒരു ആശ്വാസംതന്നെ.

അതുൽ വൈകുന്നേരം ആപ്പീസ്സിൽനിന്നു മടങ്ങിയപ്പോൾ ശശിമുഖിയോട് ഇങ്ങിനെ പറഞ്ഞു. “ഇവിടെ വരു. കുന്തി അടുക്കളയിൽ തൽക്കാലം ജോലി നോക്കട്ടെ.” അവൾ കുന്തിയെ പണി ചെയ്യാൻ ഏല്പിച്ചു താൻ ഉണ്ടാക്കിയിരുന്ന കുറെ പലഹാരവുംകൊണ്ടു മുറിയിലേക്കു പോയി. നൃതുവിന്ന് ഇന്നു കുറെ ഭേദമുണ്ടായിരുന്നതുകൊണ്ട് അവൻ പുറത്തു കളിക്കുകയായിരുന്നു.

അതുൽ—മാർവാരിയോടു ഞാൻ ഒരു ഏർപ്പാടു ചെയ്തിട്ടുണ്ട്. മാസംതോറും അമ്പതുറുപ്പികകൊടുത്താൽ അതു വാങ്ങാമെന്ന് അയാൾ സമ്മതിച്ചിരിക്കുന്നു. എന്റെ ശമ്പളത്തിൽനിന്നു കൊടുക്കാൻ സാധിക്കില്ലെന്ന് എനിക്കു നല്ലവണ്ണം അറിയാം. കുന്തിയുടെ ചങ്ങല എവിടെ? അതുവിററ് ഒരു മാസത്തെ കാര്യമെങ്കിലും ഒതുക്കട്ടെ.

ശശിമുഖി എണീററു തന്റെ പെട്ടി തുറന്ന് ഒരു ചെറിയ സ്വർണ്ണച്ചങ്ങല എടുത്തുകൊണ്ടുവന്നുകൊടുത്തു. പിന്നെ പറഞ്ഞു. "നിങ്ങളെ തോല്പിക്കാതെ സൂക്ഷിക്കണെ." ഭർത്താവു ചങ്ങലയും കൊണ്ടുപോയി.

അവൻ മടങ്ങുമ്പോൾ രാത്രി വളരെ നേരമായിരുന്നു. കുട്ടികൾ രണ്ടും ഉറങ്ങിയിരുന്നു. ശശിക്കു യാതൊന്നും കഴിക്കുവാൻ സ്വാദു തോന്നിയില്ല. പട്ടിണിയായിത്തന്നെ ഇരിക്കുകയായിരുന്നു. അതുലിന്റെ ചോർ അങ്ങിനെതന്നെ ഇരിക്കുന്നു. അയാൾ വന്നു പത്തുറുപ്പികയുടെ ആറു നോട്ട് അവളുടെ മടിയിൽ ഇട്ടുകൊടുത്തു. "ഇത്രേ കിട്ടിയുള്ളു. സ്വർണ്ണം കുറെ മാററു കുറഞ്ഞതാണ്. നാളെ അമ്പതുറുപ്പിക കൊണ്ടുപോയിക്കൊടുക്കാം. ബാക്കി പത്തുറുപ്പിക ചിലവഴിക്കാതെ സൂക്ഷിക്കണം. അതിന്നൊരു ചിലവു ഞാൻ കണ്ടുവെച്ചിട്ടുണ്ട്" എന്നു പറഞ്ഞു.

എന്താണ് ചിലവ് എന്നു ശശിമുഖി ചോദിച്ചില്ല. അവൾ നോട്ടു പെട്ടിയിൽ വെച്ചുപൂട്ടി ഉറങ്ങുവാൻ പോയി.

പിറെറന്നു രാവിലെ അതുൽ അമ്പതുറുപ്പികയും കൊണ്ട് ആപ്പീസ്സിലേക്കു പോയി. ശശി ഉച്ചസ്സമയത്തെ ഊൺ കഴിഞ്ഞു തന്റെ കീറിയ ഒരു തുണി തുന്നി

കൊണ്ടു് അടുക്കളയിലെ വാതില്ക്കൽ ഇരുന്നു. ആ ചെറുപ്പക്കാരൻ വരുമെന്നു് അവൾ വിചാരിച്ചിരുന്നില്ല. വന്നാൽതന്നെ അവൾക്കു് എന്തൊരു സഹായം ചെയ്യാൻ സാധിക്കും. പക്ഷെ പറഞ്ഞ സമയത്തു് അയാൾ തന്റെ ഭൃത്യനും തകരപ്പെട്ടിയുമായി അവിടെ എത്തി. അയാൾ തന്റെ ഭൃത്യനെ കുറെ പലഹാരവും കൊടുത്തു മുകളിലേക്കു് അയച്ചു ശശമുഖി എടുത്തിട്ടുകൊടുത്ത ഒരു ആസനത്തിൽ ഇരുന്നു. പിന്നെ പറഞ്ഞു.

“എന്റെ പേരു കേശവറോയി എന്നാണു്. ഞാൻ ജാതിയിൽ ഒരു കായസ്ഥനാണു്. ഒരു ബി. എ. ബിരുദധാരിയുമാണു്. പക്ഷെ ഞാൻ പലഹാരക്കച്ചവടം ചെയ്യാനാണു് തീർച്ചയാക്കിയതു്. എന്റെ പല സ്നേഹിതന്മാരും എന്റെ ഈ പ്രവൃത്തിയെപ്പററി അധിക്ഷേപിച്ചുപറയുന്നുണ്ടെങ്കിലും എനിക്കു് ഇതിൽ ഒട്ടുംതന്നെ ലജ്ജ തോന്നുന്നില്ല. മുപ്പതുറുപ്പിക ശമ്പളത്തിൽ ഞാൻ ഒരു ഗുമസ്തനായി ദിവസേന കണ്ടവരോടൊക്കെയും യാചിക്കുവാൻ തുടങ്ങിയാലും അവർ ഇപ്പോൾ പറയുന്നതുതന്നെയാണു് പറയുക. പിന്നെ എനിക്കു് ഏതു പ്രവൃത്തിയായാലെന്താണു്? മയ്യാദയോടെ ഒരു പണി എടുത്തു നിത്യവൃത്തി കഴിക്കുന്നതു മാനക്കേടാണോ?

ശശി—ഒരിക്കലും അല്ല. യാചിക്കുകയും പണി യാതൊന്നുമില്ലാതെ പട്ടിണികിടക്കുകയും ചെയ്യുന്നതാണു് മാനക്കേടു്. മയ്യാദയായ എന്തു പ്രവൃത്തി ചെയ്യുന്നതിലും ലജ്ജിപ്പാനൊന്നുമില്ല.

കേശവ—എന്നാൽ ശരി. ഞാനിപ്പോൾ ഇതാ പലഹാരം ഉണ്ടാക്കുവാനുള്ള എല്ലാ സാധനങ്ങളും കൊണ്ടുവന്നിട്ടുണ്ടു്. നിങ്ങൾക്കു പലഹാരം ഉണ്ടാക്കാനറിയുമല്ലോ. ഏതു ജാതിയായാലും തരക്കേടില്ല. നാളെ മാ

വിലെ നേരത്തെ ഞാൻ അതു കൊണ്ടുപോയി വിററു കിട്ടുന്ന പണം വൈകുന്നേരം ഇവിടെ കൊണ്ടുവന്നുതരാം.

ശശിമുഖി ധർമ്മസങ്കടത്തിലായി. പിന്നെ പറഞ്ഞു. "പലഹാരം ഉണ്ടാക്കുവാൻതന്നെ ഞാൻ മറന്നിരിക്കുന്നു. മുമ്പു ഞാൻ ഇതിൽ വളരെ സാമർത്ഥ്യമുള്ളവളായിരുന്നു. നിങ്ങളുടെ സാമാനങ്ങൾ കേടുവന്നാലൊ എന്നാണ് വിചാരം."

കേ—സാരമില്ല. ആദ്യം നന്നായിട്ടില്ലെങ്കിലും വിരോധമില്ല. അതു കുറെ താഴ്ന്ന വിലയ്ക്കു വില്ക്കണം. അത്രെയുള്ളു. അധികം സാമാനം ഞാൻ കൊണ്ടുവന്നിട്ടില്ല. നിങ്ങൾക്ക് ഇതുണ്ടാക്കുന്തോറും പരിചയവും കൂടിവരില്ലെ.

അപ്പോൾ അയാളുടെ ഭൃത്യൻ പെട്ടിയും കൊണ്ടുവന്നു. കേശവൻ പെട്ടി തുറന്ന് ആവശ്യമുള്ള സാധനങ്ങളെല്ലാം അളന്നു കൊടുത്തു. പിന്നെ ചോദിച്ചു "അപ്പോൾ നിങ്ങൾക്ക് ഇതുണ്ടാക്കുവാൻ സമയം ഉണ്ടൊ?"

ശശി—സമയമെല്ലാം ഉണ്ട്. ഉച്ചയ്ക്കു വെറുതെയിരുന്നു സമയം കളയുകയാണ് ചെയ്യുന്നത്.

കേശവനായിപോയി. വല്ലതും ചെയ്യാൻ സാധിക്കുമെന്ന വിചാരം ശശിമുഖിയെ സമാധാനിപ്പിച്ചു. ദിവസം ഓരോ ഉറുപ്പികവീതം സമ്പാദിപ്പാൻ സാധിച്ചാൽ അതൊരു വലിയ കാര്യമായില്ലെ. അവൾ ഉടനെതന്നെ തന്റെ പ്രവൃത്തി ചെയ്യാൻ തുടങ്ങി. കുന്തിയെ അടുത്ത വീട്ടിൽനിന്നു വിളിച്ചുവരുത്തി. ഇവിടത്തെ ഒരുക്കങ്ങളും സാമാനങ്ങളും കണ്ടപ്പോൾ അവൾ സ്തംഭിച്ചുനിന്നു. പിന്നെ "ഇതെല്ലാം എവിടുന്നാണമ്മെ!" എന്നു ചോദിച്ചു.

ശശി—"ഒരാൾ ചിലതെല്ലാം ഉണ്ടാക്കുവാൻവേണ്ടി കൊണ്ടുവന്നുതന്നതാണ്. അച്ഛനോടു പറയരുത്."

കുന്തി അച്ഛനോടു സംസാരിക്കാറുണ്ടായിരുന്നില്ല. അവളോടു വല്ലതും ചോദിച്ചാൽ മറുപടി പറയുക മാത്രമെ പതിവുള്ളു. അതുകൊണ്ടു മൌനം ദീക്ഷിക്കാമെന്ന് അവൾ പറഞ്ഞു. വൈകുന്നേരമാകുന്നതുവരെ അവർ പണി എടുത്തു. എല്ലാം ശരിയാക്കി. ശശിമുഖി അതെല്ലാം ഒരു സ്ഥലത്തു സൂക്ഷിച്ചു. തൻെറ ഭത്താവു വരാറായി. ആത്തു വീട്ടിലില്ലാതിരുന്നതു ദൈവാധീനംതന്നെ. അല്ലെങ്കിൽ പലഹാരം വേണമെന്നു പറഞ്ഞു കരയുമായിരുന്നു.

"ഒരു കഷണം എടുത്താൽ അയാൾ അറിയുമൊ അമ്മേ?" എന്നു കുന്തി ചോദിച്ചു.

ശശി—"ഇത്ര ആശ നന്നല്ല. ഇത് അന്യരൻെറതല്ലെ." കേശവറോയി പിറേറന്നു രാവിലെ വന്നു പലഹാരം വാങ്ങിക്കൊണ്ടുപോയി. അയാൾ പറഞ്ഞു. "ഇത് അധികം മോശമായിട്ടില്ല. ഞാൻ ഒരു 'പാചകചിന്താമണി' പുസ്തകം കൊണ്ടുവന്നു തരാം. അതിൽ ഏതു ജാതി പലഹാരവും ഉണ്ടാക്കാനുള്ള രീതി പറഞ്ഞിട്ടുണ്ട്."

അതുൽ വൈകുന്നേരം വന്നപ്പോൾ തൻെറ ഭാൎയ്യയുടെ മുഖത്തു ഒരു പുഞ്ചിരി കളിയാടുന്നതു കണ്ട് ആശ്ചൎയ്യപ്പെട്ടു. പിന്നെ ചോദിച്ചു. "എന്താ വിശേഷിച്ചു നിനക്കു പുഞ്ചിരിയിടാൻ, മറന്നുപോയി എന്നല്ലെ ഞാൻ വിചാരിച്ചിരുന്നത്."

ശശിമുഖിക്ക് ഉത്തരം പറവാനൊന്നും ഉണ്ടായിരുന്നില്ല. അപ്പോൾ ഇങ്ങിനെ പറഞ്ഞു. "അടുത്തുവരുന്ന ആയുധപൂജയെപ്പററി ആലോചിക്കുകയാണ്. അത്രെയുള്ളു."

അ—"നമുക്കും പൂജസ്സും എന്തൊരു ബന്ധമാണ്. സാധുക്കൾക്കു വിശേഷദിവസം ഉണ്ടൊ. നമുക്ക് ഒരേ

ചോറ്, ഒരേ കൂട്ടാൻ, ഒരൈ കീറത്തുണി എന്നല്ലേ? എനിക്കു വേണമെങ്കിൽ കുറെ ദിവസത്തെ ഒഴിവു കിട്ടും. ഇതുതന്നെയല്ലേ. എങ്കിലും പൂജക്കാലത്തു നമുക്ക് ഒരു കാര്യം ചെയ്യാനുണ്ട്."

ശശിമുഖിയുടെ മുഖം വാടി. അവൾ അവിടെനിന്നു പോയി. ഭർത്താവു പറഞ്ഞതിൻെറ സാരം എന്തെന്ന് അവൾക്കു മനസ്സിലായി. അവരുടെ ബന്ധുക്കളെപ്പററിയും അവരോട് അപേക്ഷിക്കേണ്ട മാതിരിയെപ്പററിയുമായിരുന്നു അവൻ വിചാരിച്ചിരുന്നതെന്ന് അവൾക്കു മനസ്സിലായി. പക്ഷെ അവളുടെ ഹൃദയം അവളോടു വേറൊരു സംഗതി പറഞ്ഞിരുന്നു. ദുർവ്വിധിയോടു പോരിടുവാനും അതിൻെറ തല്ലുകൊള്ളാതെ കഴിച്ചുകൂട്ടുവാനും അവൾ തീച്ചയാക്കിയിരുന്നു.

സന്ധ്യാദീപം കൊളുത്തിയപ്പോൾ കേശവൻ അവിടെ വന്നു. അയാൾ ഒന്നേമുക്കാലുറുപ്പിക അവളുടെ കയ്യിൽ കൊടുത്തു പിന്നെ പറഞ്ഞു. "ഇന്ന് ഇതേ കിട്ടിയുള്ളു. അതുകൊണ്ടു നിരാശപ്പെടരുത്. പൂജാകാലങ്ങളിൽ നല്ലവണ്ണം വില്ക്കുവാൻ സാധിക്കും. ഇതാ ഇതു ബാക്കിയായി. കുട്ടികൾക്കു കൊടുക്കിൻ"

ശശിമുഖിക്കു സന്തോഷംകൊണ്ടു വാക്കു പുറപ്പെടാതായി. ദിവസം ഈരണ്ടുറുപ്പിക സമ്പാദിച്ചാൽ അവരുടെ കടം ക്ഷണത്തിൽ വിടിപ്പോകില്ലേ. കേശവനോടു വന്ദനം പറയേണ്ടതെങ്ങിനെയെന്ന് അവൾ അറിഞ്ഞില്ല. കേശവൻ അവളുടെ വിചാരം മനസ്സിലാക്കി ഇങ്ങിനെ പറഞ്ഞു. "എന്നോടു നന്ദി പറയേണമെന്നില്ല. ഞാൻ എൻെറ മനസ്സാക്ഷിയോടു ചെയ്ത ഒരു വാഗ്ദാനം നിറവേററുകയാണ് ചെയ്തത്. പത്തുപേക്കെങ്കിലും ഈ ലോകത്തിൽ സമ്പാദിച്ച് ഉപജീവനം കഴിക്കാനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കാമെന്നു ഞാൻ ദൈവം സാക്ഷിയാ

യി വാഗ്ദാനം ചെയ്തിട്ടുണ്ട്. ഞാൻ എനിക്കുള്ള കമ്മീഷൻ എടുത്തു ബാക്കി പണമാണ് തന്നത്. ഇതൊരു കച്ചവടം മാത്രമാണ്. സങ്കടത്തിൽ കിടന്നു വലയുന്ന വേറെ ആരേയും സഹായിക്കാമെന്നു നിങ്ങളും തീർച്ചയാക്കണം. അതാണ് എൻെറ അപേക്ഷ.''

പലഹാരം കണ്ടപ്പോൾ കുന്തിക്കും ദൃത്തുവിന്നും സന്തോഷമായി. അവർ അച്ഛനോട് ഇതിനെപ്പററിയാതൊന്നും പറയില്ല.

ദിവസം ഏതാനും ചെന്നു. ഓരോ ദിവസവും ശശിമുഖി വല്ലതും സമ്പാദിച്ചുംവന്നു. സമ്പാദ്യത്തിൽനിന്ന് ഒരു പൈ പോലും ചിലവാക്കാതെ അതൊരു സഞ്ചിയിലിട്ട് അവൾ ഒളിച്ചുവെച്ചു. ദുർഗ്ഗാപൂജ വന്നു. കുട്ടികൾ പുതിയ ഉടുപ്പു വേണമെന്നു ശാഠ്യംപിടിച്ചുതുടങ്ങി. ബാക്കിയുള്ള കുട്ടികളെല്ലാം പുതിയ ഉടുപ്പു ധരിക്കുമ്പോൾ ഇവർ മാത്രം കീറിയതു ധരിക്കുകയൊ? ശശിമുഖി തൻെറ ഭർത്താവിനോടു പറഞ്ഞു. ''ഇനി ആ പത്തുറുപ്പികയുടെ നോട്ടുണ്ടല്ലോ. കുട്ടികൾക്ക് ഒന്നുരണ്ടുടുപ്പുണ്ടാക്കിക്കൊടുക്കരുതൊ?''

അ—തരമില്ല. അതു വേറൊരാവശ്യത്തിന്നാണ്. പുതിയ ഉടുപ്പില്ലാതെയാണ്!

തൻെറ സമ്പാദ്യത്തിൽനിന്നെങ്കിലും കുട്ടികൾക്ക് ഉടുപ്പുണ്ടാക്കിക്കൊടുത്താലൊ എന്ന് അവൾ ആലോചിച്ചു. പക്ഷെ അതു ചെയ്യില്ലെന്നു തീർച്ചയാക്കി. ഒരു കൊല്ലം വളരെ സൂക്ഷിക്കണം. ഇനിയത്തെ കൊല്ലം എല്ലാം ആകാം എന്നുറച്ചു.

കേശവറോയി ദിവസേന വന്നുംപോയുമിരുന്നു. ഒരു ദിവസം അയാൾ പറഞ്ഞു. ''പലഹാരം ഉണ്ടാക്കുന്നതുകൂടാതെ വേറെ ചില പണികളും നിങ്ങൾക്കു ചെയ്യാം. തുന്നലറിയാമൊ?''

ശശി—കുറേശ്ശ, പക്ഷേ ഞാൻ തുന്നിയതു വിലയ്ക്കു പോകില്ല.

കേ—എല്ലാം വില്ക്കാം. എവിടെയാണ് വില്ക്കേണ്ടതെന്നറിയണം. ഈ കല്ക്കത്താ പട്ടണത്തിൽ എത്ര സാധുക്കളുണ്ടെന്നു നിങ്ങൾക്കറിയാമൊ. അവരെല്ലാം ഉടുപ്പു ധരിക്കുന്നില്ലെ. അതൊക്കെയും വലിയ തുന്നക്കാരെക്കൊണ്ടുണ്ടാക്കിച്ചതാണെന്നൊ? വില സഹായമുള്ള സാധനങ്ങൾ വിലപിടിച്ചവയേക്കാൾ വേഗത്തിൽ ചിലവാകും. ഈ പട്ടണത്തിൻെറ വടക്കുഭാഗങ്ങളിൽ ഒന്നു നടന്നാൽ വളരെ ജനങ്ങൾ കുപ്പായം, ഉറുമാല, ഉടുപ്പു മുതലായവ വില്ക്കുന്നതു കാണാം. അവക്കു നല്ല സമ്പാദ്യവുമുണ്ട്. വേറൊന്നും തുന്നാൻ കഴിയില്ലെങ്കിൽ ഉറുമാല തുന്നിക്കൂടയൊ? കൈത്തുന്നൽ തുന്നിയ സാധനങ്ങൾ വേഗത്തിൽ ചിലവാകും.''

ശശി—അതെനിക്കു ചെയ്യാം. അതിന്നുവേണ്ട ശീലത്തരങ്ങൾ ആരാണ് വാങ്ങിത്തരുവാൻ. എൻെറ ഭത്താവിനോടു ഞാനൊന്നും പറയാറില്ല.

കേ—ഞാൻ നിങ്ങൾക്കു വേണ്ടതെല്ലാം വാങ്ങി കൊണ്ടുവന്നുതരുമായിരുന്നു. പക്ഷേ ഇപ്പോൾ എൻെറ വശം യാതൊരു പണവുമില്ല. കയ്യിലുള്ളതെല്ലാം പൂജസ്സു വില്ക്കുവാനുള്ള സാധനങ്ങൾക്ക് അച്ചാരം കൊടുത്തുപോയി. രണ്ടുദിവസം കഴിഞ്ഞാൽ കുറെ പണം കിട്ടും. അതുവരെ താമസിക്കുവാൻ തരമില്ല. സാധനങ്ങൾ പൂജസ്സു വില്ക്കുവാനാകില്ല.

ശശിമുഖി തൻെറ സമ്പാദ്യത്തിൽനിന്നു യാതൊന്നും തൊടില്ലെന്നു ശപഥം ചെയ്തിരുന്നു. അതു കടം മുഴുവൻ വീട്ടീട്ടുമാത്രമേ ചെയ്കയുള്ളൂ. അവൾ കുറെ ആലോചിച്ചതിൻെറ ശേഷം മുറിയിൽ പോയി ആ പത്തുറുപ്പികയുടെ നോട്ടു കൊണ്ടുവന്നു കൊടുത്ത് ഇങ്ങിനെ പറഞ്ഞു. ''ഇതാ, ഇതു കൊണ്ടുപോയി എനിക്കു കുറെ ശീലത്തരങ്ങൾ വാങ്ങിക്കൊണ്ടുവരണം. അച്ചടിശ്ശീല

യും ചായശ്ശീലയും ആയാൽ നന്ന്. കുട്ടികൾക്കു കുറെ കുപ്പായവും ഉടുപ്പും ഉണ്ടാക്കാമെന്നുണ്ട്.”

പിറ്റെ ദിവസം തന്നെ കേശവൻ ശീല കൊണ്ടുവന്നു കൊടുത്തു. ശശിമുഖി വളരെ ശുഷ്കാന്തിയോടുകൂടി പണി ചെയ്വാനും തുടങ്ങി. അവൾക്ക് അവസരം കിട്ടുമ്പോഴെല്ലാം ഈ പണി ചെയ്തുകൊണ്ടിരുന്നു. പൂജയ്ക്കു രണ്ടു ദിവസം മുമ്പ് അവളുടെ പ്രവൃത്തി പൂർത്തിയാക്കി. കുന്തിക്കു ഒരു ബ്ളൌസ്സും നുതുവിന്ന് ഒരു കുപ്പായവും ഇതിന്റെ കൂടെത്തന്നെ ഉണ്ടാക്കി. അവക്കുള്ള സന്തോഷം അളവററതായിരുന്നു.

കേശവൻ അതെല്ലാം കൊണ്ടുപോയി. അയാൾ ഇതൊന്നും വില്ക്കുക പതിവില്ലാതിരുന്നതുകൊണ്ട് ഒരു വിശ്വസ്തനായ സ്നേഹിതന്റെ കയ്യിൽ അതു വില്ക്കുവാൻ ഏല്പിക്കാമെന്നാണ് അയാൾ പറഞ്ഞത്. പിന്നെ ശശിമുഖിയോടു പഴയ രീതിയിൽ പലഹാരപ്പണി തുടങ്ങുവാൻ പറഞ്ഞു. പൂജയ്ക്കു നല്ല വില്പനയുണ്ടാകുമല്ലോ?

ശശിമുഖിക്കു ഭാഗ്യോദയം തുടങ്ങി. ചരക്കുകൾക്കു നല്ല വില കിട്ടി. തന്റെ സഞ്ചി നിറഞ്ഞതു കണ്ടപ്പോൾ അവൾക്കു സന്തോഷമായി. മാർവാരിക്കു പണം കൊടുക്കേണ്ട ഘട്ടമായി.

ഒരു ദിവസം അതുൽ ശശിമുഖിയോട് ഇങ്ങിനെ പറഞ്ഞു. “നിന്റെ സഹോദരനും മററും സമ്മാനം കൊടുക്കണം. അതിന്നു വസ്ത്രങ്ങൾ വാങ്ങുവാൻ പത്തുറുപ്പിക മതിയാകില്ലെന്നുവെച്ചാണ് ഞാൻ യാതൊന്നും ചെയ്യാതിരുന്നത്. ഇനി ‘സഹോദരോ’ത്സവത്തിന്ന് ഇതിനെപ്പററി ആലോചിക്കാം.”

പത്തുറുപ്പികയുടെ നോട്ടിന്റെ ഗതി എന്തായി എന്നാലോചിച്ചപ്പോൾ അവൾക്കു ചിരി വന്നു. പൂജ സമീപിച്ചു. അവളുടെ പ്രവൃത്തി മുറയ്ക്കു നടത്തിവന്നു.

‘സഹോദരോത്സവത്തിന്നു കുറേദിവസം മുമ്പ് അതുൽ ശശിയോട് ഇങ്ങിനെ പറഞ്ഞു. “ഇതാ നോക്കു. നീയൊരു കാര്യം വേണം. കുട്ടികളെയും കൂട്ടിക്കൊണ്ടു സഹോദരൻെറ വീട്ടിലേക്കു വൈകുന്നേരം പോണം. വണ്ടിവാടക കൊടുക്കാൻ ഒരുറുപ്പിക ഇതാ തരാം. ഉത്സവത്തിന്നു് ഇങ്ങോട്ടു് ഉണ്ണാൻ വരുവാൻ ക്ഷണിക്കണം. ഞാൻ അവൎക്കുവേണ്ട വസ്ത്രങ്ങൾ വാങ്ങിവെക്കാം. ഒരിക്കലെങ്കിലും ഞാൻ പറഞ്ഞതു് അനുസരിക്കരുതൊ. എന്താ പോകുമൊ?”

ശശിമുഖി “പോകാം” എന്നു മാത്രം പറഞ്ഞു. ശശിമുഖി തൻെറ സഹോദരൻെറ വീട്ടിൽ ചെന്നു. അതു് ഒരുമാതിരി വലിയ വീടായിരുന്നു. രണ്ടുനിലയാണ്. വീട്ടിൽ എങ്ങും ഒരു നിശ്ശബ്ദത ബാധിച്ചിരുന്നു. അവൾ കോണി കയ്റി സഹോദരൻെറ ഭാൎയ്യയെ കാണുവാൻ മുകളിലേക്കു ചെന്നു. ഒരു വൃഷളി കോണി ഇറങ്ങിവന്നു് ഇങ്ങിനെ പറഞ്ഞു “ആരിതു്, നമ്മുടെ അമ്മായിയൊ? സഹോദരൻ ഇവിടെ ഇല്ല.”

ഇമ്മാതിരി ഒരു സ്വാഗതം കണ്ടപ്പോൾ ശശിമുഖി വഷളായി. പിന്നെ ചോദിച്ചു “അദ്ദേഹത്തിൻെറ ഭാൎയ്യയൊ?” “അവർ ഉറങ്ങുകയാണ്” എന്നു് അവൾ മറുപടി പറഞ്ഞു.

ശശിമുഖിയുടെ തല ചുററുവാൻ തുടങ്ങി. താഴെ വീഴുമൊ എന്നു തോന്നി. അപ്പോൾ കുന്തി ഇങ്ങിനെ പറഞ്ഞു “നമുക്കു പോകാം. വണ്ടി അവിടെ നില്ക്കുന്നുണ്ട്.” അവർ ഇറങ്ങിപ്പോകുമ്പോൾ വൃഷളി ഇങ്ങിനെ പറഞ്ഞു. “ശരി. ഇപ്പോൾ പോകിൻ. എജമാൻ വന്നാൽ നിങ്ങൾ ഇവിടെവന്നു എന്നു പറയാം.”

ശശിമുഖി മടങ്ങിവന്നു. അവളുടെ തല ചുററിയിരുന്നു. അതു മാറാൻ വളരേനേരം വേണ്ടിവന്നു.

അതുൽ രാത്രി അവളോടു ചോദിച്ചു. "നീ പോയെം?" "ഉവ്വ്" എന്നവൾ പറഞ്ഞു.

ഉത്സവദിവസം വന്നു. ശശിമുഖി രാവിലെ മുതൽ അടുക്കളയിൽത്തന്നെയായിരുന്നു. അതുൽ ഒന്ന് എത്തിനോക്കി ഇങ്ങിനെ പറഞ്ഞു. "നീയെന്താ വളരെ ആഘോഷിച്ചു വട്ടംകൂട്ടുന്നുവോ. പത്തുറുപ്പികയും ചിലവാക്കി അല്ലെ. ഇനി നിൻെറ സഹോദരന്നു വസ്ത്രം വാങ്ങുന്നതെങ്ങിനെയാണ്?"

ശശി—നിങ്ങളുടെ പണം തൊട്ടിട്ടില്ല. ഇതിന്നൊക്കെ ഞാൻ വേറെ പണം ഉണ്ടാക്കി.

അ—"ആ. അങ്ങെ വീട്ടിലെ ആ വൃദ്ധയോടു കടം വാങ്ങിയല്ലെ? അവർ നല്ലൊരുത്തിയാണ്. ശരി. ആ പത്തുറുപ്പിക തരു. ഞാൻ ആപ്പീസ്സിലേക്കു പോകുന്നതിന്നു മുമ്പുതന്നെ ശീല വാങ്ങിക്കൊണ്ടുവരാം." ശശിമുഖി പത്തുറുപ്പികയുടെ നോട്ട് അവൻെറ പക്കൽ കൊടുത്തു. അവൻ പോയി. അരമണിക്കൂറിലകം ശീലകളുംകൊണ്ടു മടങ്ങി. പിന്നെ പറഞ്ഞു. "ഇതാ, ഇതാണ് ആ ഉറുപ്പികയ്ക്കു കിട്ടിയത്. ഞാൻ ആപ്പീസ്സിൽനിന്നു നേരത്തെ മടങ്ങാം. നിൻെറ സഹോദരനും ആപ്പീസ്സിലേക്കു പോണമല്ലൊ. അതുകൊണ്ടു നേരത്തെ വരില്ല."

അതുൽ നേരത്തെ മടങ്ങി. നേരെ അടുക്കളവാതില്ക്കൽ ചെന്നു "അദ്ദേഹം വന്നുവോ?" എന്നു ചോദിച്ചു.

ശശിമുഖി അപ്പോഴും വെക്കുകയായിരുന്നു. അതിന്നിടയിൽ ഇങ്ങിനെ പറഞ്ഞു. "ഉവ്വ്, അതാ അവിടെയുണ്ട്."

അതുൽ മുറിയിലേക്ക് ഓടി. പക്ഷെ അവിടെ ഇരിക്കുന്ന ആളെ കണ്ടപ്പോൾ അവൻ സ്തംഭിച്ചുനിന്നു. അതു പലഹാരം വില്ക്കുന്ന ആ ചെറുപ്പക്കാരനായിരുന്നു.

അതുൽ വന്നപ്പോൾ കേശവൻ എണീററ് അയാ

ളെ വന്ദിച്ചു. പിന്നെ ഇങ്ങിനെ പറഞ്ഞു. "എന്നെ ഇന്ന് ഉണ്ണുവാൻ ക്ഷണിച്ചിട്ടുണ്ടെന്നു പെങ്ങൾ പറഞ്ഞില്ലേ?"

അതുൽ തൻെറ പരിഭ്രമം പുറത്തു കാണിക്കാതെ ഒരു പുഞ്ചിരിയോടുകൂടി ഇങ്ങിനെ പറഞ്ഞു. "ഇല്ല. അവൾ മറന്നതായിരിക്കും. ഇരിക്കിൻ." പിന്നെ അവൻ അടുക്കളയിൽ ചെന്നു ഇങ്ങിനെ ചോദിച്ചു. "നീയെന്താണ് ഈ വിഢ്ഢാനെ ക്ഷണിച്ചുവരുത്തിയിരിക്കുന്നത്? നിൻെറ സഹോദരൻ എവിടെ?"

ശശി—അദ്ദേഹത്തിൻെറ വീട്ടിലായിരിക്കും. ഞാൻ ക്ഷണിച്ചത് എൻെറ സാക്ഷാൽ സഹോദരനെയാണ്. മററെയാൾ ജനനംകൊണ്ടുമാത്രം സഹോദരനായതല്ലേ?"

അ.—നീയെന്താണ് പറയുന്നത്?

ശശി—ഞാൻ വേണ്ടാത്തതല്ല പറയുന്നതെന്നു നിങ്ങൾക്കു വഴിയെ മനസ്സിലാകും. മുറിയിൽ പോയി അദ്ദേഹത്തോട് ഒന്നു സംസാരിച്ചുനോക്കുവിൻ. ഞാൻ ഇതാ ഊണിൻെറ വട്ടമെല്ലാം അങ്ങോട്ടു കൊണ്ടുവരാം.

അതുൽ അവൾ പറയുന്നതിൻെറ സാരം മനസ്സിലാകാതെ മുറിയിലേക്കു പോയി.

ഇ. ഐ. പങ്ങിഅച്ചൻ ബി. എ, എൽ. ടി.

## പുസ്തകാഭിപ്രായം

### രാവണപക്ഷം

ഇന്നുള്ള മലയാളികളിൽ മിക്കവരും ഗതാനുഗതികന്മാരും പരപ്രത്യയനേയബുദ്ധികളുമാകുന്നു. ശ്രീരാമനിൽ ഭക്തിയും രാവണനിൽ വിരക്തിയും ജനിക്കാത്ത

വർ ഉണ്ടോ എന്നു സംശയമാണ്. രാവണൻെറ കഥ ആലോചിച്ചാൽ ഇത്ര വിശിഷ്ടനായൊരു പുരുഷൻ ഇല്ലെന്നു തെളിയും. ശ്രീരാമൻ എന്തുതന്നെ ചെയ്താലും അതു കുററകരമായിട്ട് ആരും കരുതുന്നില്ല. ആദികവിയായ ശ്രീവാല്മീകിമഹർഷിയുടെ പാത്രസൃഷ്ടിക്കുള്ള വൈചിത്ര്യമാണത്.

ദ്രാവിഡർ വടക്കോട്ടു പോയി തിരിച്ചുവന്നവരാണ് ആര്യന്മാർ. ഇന്നത്തെപ്പോലെ വർണ്ണവ്യത്യാസം അന്നും അവർ ആചരിച്ചിരുന്നു. മലയാളത്തിലെ നായന്മാരെ ഭുജവിക്രമംകൊണ്ടു കീഴടക്കാമെന്നു വിചാരിച്ചുവന്നവർ തോററു തുന്നംപാടി ഒടുക്കം മൂന്നാംപുരുഷാന്തരം അന്യോന്യം കൈമാറേണ്ടിവന്നു. അക്കാലം മുതല്ക്കാണ് നായന്മാരുടെ പ്രഭുത്വവും പൌരുഷവും നശിച്ചുനശിച്ച് ഇന്നത്തെ നിലയിൽ എത്തിയത്. കള്ളപ്രമാണങ്ങളും കഥകളും നിർമ്മിക്കുന്നതിൽ ആര്യന്മാർ വീരന്മാരായിരുന്നു എന്ന സംഗതി മലയാളക്കരയെ ആലോചിച്ചാൽ അല്പജ്ഞന്മാർക്കുമറിയാവുന്നതാണ്. ശൈവന്മാരായ ദ്രാവിഡരെ ആര്യന്മാർ തോല്പിച്ചതായി പറയപ്പെടുന്ന ഒരു സാഹിത്യഗ്രന്ഥമാണ് രാമായണം. അതിലെ ഉള്ളുകള്ളികൾ പൊളിച്ചുകാണിക്കുന്നതാണ് ഈ 'രാവണപക്ഷം.' പൂർവ്വചരിത്രം ഇത്രയെങ്കിലും ധരിച്ചിട്ടുള്ള ഒരു നായരെ കാണ്മാൻ സംഗതിയായതിൽ ഞങ്ങൾക്കുള്ള ചാരിതാർത്ഥ്യം ചില്ലറയൊന്നുമല്ല. കുന്നത്തു ജനാർദ്ദനമേനോൻ അവർകളാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതെന്നു പറഞ്ഞാൽ പിന്നെ അതിൻെറ മനോഹരത്വത്തെപ്പററി പറയേണമെന്നില്ലല്ലോ. ഈ പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാനുള്ള ഭാഗ്യം സിദ്ധിച്ചതു തിരുവനന്തപുരം 'കമലാലയാബുക്ക്ഡിപ്പോ'ക്കാരാണ്. വില പന്ത്രണ്ണ മാത്രം.